മൗലിക സത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 13 ഫെബ്രുവരി 2015 ലക്കം 2



## ഫലം നൽകുന്ന ജീവിതം

എഫ്.ബി. മേയർ

## ദൈവഭയത്തിൽ വിശുദ്ധിയെ തികയ്ക്കുക

JEEVAMOZHIKAL
ജീവമൊഴികൾ
നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ *(യോഹ. 6:68)*
വാല്യം 13 ഫെബ്രുവരി 2015 ലക്കം 2

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |

എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം:

**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481- 2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

**മാസിക സംബന്ധിച്ചും കൂടിവരവുകൾ സംബന്ധിച്ചും കൂടുതൽ വിവരങ്ങൾക്ക്:**

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9495204619 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| നെല്ലിപ്പൊയ്യിൽ (കോഴിക്കോട്) | 9495575692 |
| വയനാട് | 9656128665 |


*മൊഴിമുത്തുകൾ*

## സാധാരണ ജോലിക്കും ദൈവശക്തി



യേശു 30 വർഷം ചെയ്ത ജോലികൾ ഏറ്റവും സാധാരണവും താണതുമായിരുന്നു. ഏറ്റവും സാധാരണമായ ജോലികൾ ദൈവത്തിന്റേതായ രീതിയിൽ പൂർത്തീകരിക്കുവാൻ എന്നിലുള്ള സർവ്വ ദൈവശക്തിയും വേണം എന്നതാണ് ഇതു സൂചിപ്പിക്കുന്നത്. യേശു ഉപയോഗിച്ചതുപോലെ എനിക്കൊരു തോർത്ത് ഉപയോഗിക്കാൻ കഴിയുമോ? നമ്മിൽ അവതരിച്ചിരിക്കുന്ന സർവ്വശക്തനായ ദൈവത്തിനു മാത്രമേ ഏറ്റവും താണ ജോലി അതു ചെയ്യേണ്ടതുപോലെ ചെയ്യുവാൻ കഴിയൂ.

— *ഓസ്വാൾഡ് ചേംബേഴ്സ്*

## അനുഗ്രഹം നഷ്ടമാക്കല്ലേ.




മിസ്രയീം ദേശത്തുനിന്നു നിന്നെ കൊണ്ടുവന്ന യഹോവയായ ഞാൻ നിന്റെ ദൈവം ആകുന്നു; നിന്റെ വായ് വിസ്താരത്തിൽ തുറക്ക; ഞാൻ അതിനെ നിറയ്ക്കും. സങ്കീ. 81:10

എഡിറ്റോറിയൽ



# ദൈവദാസന്മാരുടെ യഥാർത്ഥ സ്വാതന്ത്ര്യം

**യേശു** ഒരിക്കൽ യെഹൂദന്മാരോട് യഥാർത്ഥ സ്വാതന്ത്ര്യത്തെക്കുറിച്ചു സംസാരിക്കുകയായിരുന്നു. പക്ഷേ അവർക്കതു മനസ്സിലായില്ല. അവർ അവനോട് ഇങ്ങനെ തിരികെ ചോദിച്ചു: 'ഞങ്ങൾ അബ്രഹാമിന്റെ സന്തതി; ഞങ്ങൾ ആർക്കും ഒരുനാളും അടിമകളായിരുന്നിട്ടില്ല. അപ്പോൾ പിന്നെ ഞങ്ങൾ സ്വതന്ത്രന്മാർ ആകും എന്നും മറ്റും നീ ഈ പറയുന്നത് എന്താണ്?" (യോഹ. 8:33).

ഇന്നും ഇതേ പ്രശ്നമുണ്ട്. യഥാർത്ഥ സ്വാതന്ത്ര്യത്തെക്കുറിച്ചു പറഞ്ഞാൽ പലർക്കും മനസ്സിലാകുകയില്ല. അവർ അമ്പരക്കും: "അതിനു ഞങ്ങൾ ആരുടെയും അടിമകളല്ലല്ലോ. ഞങ്ങൾ സ്വതന്ത്രരായ മനുഷ്യരല്ലേ?"

സത്യത്തിൽ അങ്ങനെയാണോ? സ്വതന്ത്രരെന്നു തോന്നിയാലും വാസ്തവത്തിൽ അവർ പലതിന്റെയും അടിമകളല്ലേ?...

'സ്വാതന്ത്ര്യം കീഴടങ്ങലിലൂടെ' എന്ന തന്റെ ഗ്രന്ഥത്തിൽ പ്രശസ്ത മിഷനറി സ്റ്റാൻലി ജോൺസ് ഇങ്ങനെയൊരു സംഭവം വിവരിക്കുന്നു: അദ്ദേഹത്തിന്റെ സന്താളിലെ ആശ്രമത്തിൽ ഒരു ദിവസം ഒരു ഡോക്ടറുടെ ഭാര്യ പ്രാർത്ഥനയ്ക്കും കൗൺസലിങ്ങിനുമെത്തി. ഭാര്യഭർതൃ ബന്ധത്തിലെ പൊരുത്തക്കേടായിരുന്നു അവരുടെ പ്രശ്നം. ജീവിതത്തിൽ ഒരിക്കലും ആർക്കും കിഴടങ്ങിയിട്ടില്ലാത്ത ഒരു സ്ത്രീ. ഭർത്താവായ ഡോക്ടർക്കും അദ്ദേഹത്തിന്റേതായ സ്വതന്ത്രമായ വഴികളുണ്ട്. ഒരിക്കലും കൂട്ടിമുട്ടാത്ത സമാന്തരമായ രണ്ടു രേഖകൾ പോലെ അവരുടെ ജീവിതം അന്യോന്യം തൊടാതെ സ്വതന്ത്രമായി മുന്നോട്ടു പോയി. ഒടുവിൽ ആ ദാമ്പത്യം ഒരു തകർച്ചയിൽ അവസാനിക്കും എന്ന ഘട്ടമായപ്പോൾ അവൾ സഹായം തേടി ആശ്രമത്തിൽ എത്തിയതാണ്.

**ആധുനിക കാലത്താണ് ക്രിസ്ത്യാനിത്വവും ശിഷ്യത്വവും ഇങ്ങനെ രണ്ടായി പിരിഞ്ഞു കിടക്കുന്നത്. ആദ്യ നൂറ്റാണ്ടിൽ രണ്ടും തമ്മിൽ ഒരു വേർതിരിവുണ്ടായിരുന്നില്ല. "ആദ്യം അന്ത്യൊക്ക്യയിൽ വച്ചു ശിഷ്യന്മാർക്കു ക്രിസ്ത്യാനികൾ എന്നു പേർ ഉണ്ടായി" എന്ന വചനം ഈ സത്യത്തിലേക്കാണു വിരൽ ചൂണ്ടുന്നത്. ഒന്നാം നൂറ്റാണ്ടിൽ ശിഷ്യന്മാരെ വിളിച്ച പേരാണ് 'ക്രിസ്ത്യാനികൾ' എന്നത്. അന്നു ശിഷ്യന്മാർ ക്രിസ്ത്യാനികൾ എന്നറിയപ്പെട്ടു. അന്ന് എല്ലാ ക്രിസ്ത്യാനികളും ശിഷ്യത്വം നൽകുന്ന പൂർണ സ്വാതന്ത്ര്യത്തിലേക്കു ചുവടു വച്ചവരായിരുന്നു.**

►

സ്റ്റാൻലി ജോൺസും സഹപ്രവർത്തകരും അവളോടു ദീർഘനേരം സംസാരിച്ചു. അവളുടെ പ്രശ്നം അവളുടെ ഭർത്താവല്ല, അവൾ തന്നെയാണെന്ന് അവർ ചൂണ്ടിക്കാട്ടി. ആർക്കും കീഴടങ്ങാതെ ജീവിക്കുക എന്നു വച്ചാൽ തികഞ്ഞ സ്വാതന്ത്ര്യമാണെന്നു തോന്നാം. പക്ഷേ അങ്ങനെ ഒരുവൾ വാസ്തവത്തിൽ അവളുടെ തന്നെ സ്വയത്തിന്റെ ദാസിയാണ്. തനിക്കു ശരിയെന്നു തോന്നുന്നതു ചെയ്യുകയും തന്റെ ഇഷ്ടപ്രകാരം മാത്രം ജീവിക്കുകയും ചെയ്യുന്നവൻ സ്വതന്ത്രനല്ല, സത്യത്തിൽ തന്റെ തന്നെ അടിമയാണ്. തന്നെക്കാൾ വലിയ, നന്മയുടെ മൂർത്തിമദ്ഭാവമായ, ഒരു ആത്യന്തിക ശക്തിയുടെ (ദൈവം) മുൻപിൽ കീഴടങ്ങുന്നതാണു യഥാർത്ഥ സ്വാതന്ത്ര്യം എന്നവർ കാര്യകാരണം സഹിതം ചൂണ്ടിക്കാട്ടിയപ്പോൾ അവൾ അംഗീകരിച്ചു. ദൈവത്തിനെതിരെ കഴിഞ്ഞ വർഷങ്ങളിലെല്ലാം കെട്ടിപ്പൊക്കിയ പ്രതിരോധത്തിന്റെ കോട്ടകൾ മലവെള്ളം പോലെ ഒഴുകിയ അനുതാപത്തിന്റെ കണ്ണുനീരിൽ ഒലിച്ചു പോയി. അവൾ യേശുകർത്താവിനെ നാഥനും രക്ഷകനുമായി സ്വീകിരച്ചു. അവൾ സ്വസ്ഥയായി, യഥാർത്ഥത്തിൽ സ്വതന്ത്രയായി. എന്നാൽ വീട്ടിലേക്കവൾ തിടക്കപ്പെട്ടു പോയില്ല. പ്രാർത്ഥനയ്ക്കും വചനത്തിന്റെ പഠനത്തിനുമായി ഒരു ദിവസം കൂടി അവൾ ആശ്രമത്തിൽ തങ്ങി.

വിവരം ഡോക്ടറെ അറിയിക്കാൻ ആശ്രമത്തിൽ നിന്ന് ഒരു മിഷനറി അവളുടെ വീട്ടിൽ ചെന്നു. അദ്ദേഹം അവിടെ എത്തിയപ്പോൾ ഡോക്ടർ സിറ്റൗട്ടിൽ അങ്ങോട്ടും ഇങ്ങോട്ടും നടക്കുകയാണ്. ഭാര്യ ഒരു ദിവസം വൈകിയേ എത്തുകയുള്ളുവെന്നതിൽ അദ്ദേഹത്തിനു പരാതിയൊന്നുമില്ല. എന്നാൽ അദ്ദേഹം ആകെ അസ്വസ്ഥനാണ്. അതുകൊണ്ടു മിഷനറി അല്പനേരം അവിടെയിരുന്ന് ആശ്രമത്തിന്റെ പ്രിയപ്പെട്ട സന്ദേശം – 'ക്രിസ്തുയേശുവിലുള്ള സ്വാതന്ത്ര്യം'– അദ്ദേഹത്തോടു പങ്കിട്ടു. ഡോക്ടർ എല്ലാം ശ്രദ്ധിച്ചു കേട്ടു. പക്ഷേ ഒടുവില ദ്ദേഹം പറഞ്ഞത് യേശുവിനോട് യെഹൂദന്മാർ പറഞ്ഞതു തന്നെ: "അതിന് ഞാൻ ഇപ്പോൾ തന്നെ സ്വതന്ത്രനാണല്ലോ. ഞാൻ ആർക്കും അടിമയല്ലല്ലോ. എനിക്കിനി എന്തു സ്വാതന്ത്ര്യമാണു വേണ്ടത്?"

മിഷനറി അപ്പോൾ സ്നേഹപൂർവ്വം ഡോക്ടറുടെ ശ്രദ്ധയെ അദ്ദേഹത്തിന്റെ പാന്റിന്റെ പിൻപോക്കറ്റിൽ തിരുകിയരിക്കുന്ന മദ്യക്കുപ്പിയിലേക്കു ക്ഷണിച്ചു. ഉവ്വ്, ഡോകട്ർ മദ്യത്തിന്റെ അടിമയായിരുന്നു. പക്ഷേ അദ്ദേഹത്തിന് അതിനെക്കുറിച്ചു ബോധ്യമില്ല. താൻ ഒന്നിനും അടിമയല്ല, തീർത്തും സ്വതന്ത്രനാണെന്നാണ് അദ്ദേഹത്തിന്റെ നിലപാട്!

തങ്ങൾ സ്വതന്ത്രരാണെന്ന് അവകാശപ്പെട്ട യെഹൂദന്മാരോട് യേശു പറഞ്ഞതാണ് ഇവിടെ പ്രസക്തം: "പാപം ചെയ്യുന്നവൻ എല്ലാം പാപത്തിന്റെ ദാസൻ ആകുന്നു" (യോഹ. 8:34). വാസ്തവത്തിൽ ഒരുവൻ ഏതിനോടു തോല്ക്കുന്നുവോ അതിന്റെ അടിമയാണ്. ഡോക്ടർ ആ നിലയിൽ പാപത്തിന്റെ ദാസനാണ്. പക്ഷേ അതു തിരിച്ചറിഞ്ഞ് യോശുവിന്റെ അടുത്തേക്കു ചെന്നിരുന്നെങ്കിൽ അവിടുത്തേക്ക് അദ്ദേ

▶ *ശേഷം പേജ് 41*

സന്ദേശം

# യഥാർത്ഥ സ്വാതന്ത്ര്യം നേടിയ ദൈവഭൃത്യന്മാർ

സാക് പുന്നൻ

**പുതിയനിയമ** ഉടമ്പടിയിൽ ഒരു യഥാർത്ഥ ദൈവഭൃത്യൻ ആരാണെന്ന് തിരുവെഴുത്തിലെ മൂന്നു ഭാഗങ്ങളിൽ വ്യക്തമായി പറയുന്നുണ്ട്. ആഗ്രഹിക്കുന്ന പക്ഷം ഈ കാലഘട്ടത്തിലും നമുക്കെല്ലാവർക്കും ദൈവഭൃത്യന്മാരായിരിക്കുവാൻ കഴിയുമെന്ന് ഈ ഭാഗങ്ങൾ മുൻധാരണകളൊന്നും കൂടാതെ തുറന്ന മനസ്സോടെ വായിച്ചാൽ നാം കണ്ടെത്തും.

പഴയനിയമ കാലത്തു ലേവ്യർക്കു മാത്രമേ ദൈവശുശ്രൂഷകരായിരിക്കാൻ കഴിയുമായിരുന്നുള്ളു. അവർ ലോകജോലികളൊന്നും ചെയ്യാതെ യിസ്രായേലിലെ മറ്റു ഗോത്രങ്ങളുടെ ദശാംശംകൊണ്ട് ഉപജീവനം കഴിച്ചുപോന്നു. ബാബിലോന്യ ക്രിസ്ത്യാനിത്വവും ഇന്നും പഠിപ്പിക്കുന്നത് ഇതാണ്. തങ്ങളുടെ ലോകജോലികൾ ഉപേക്ഷിച്ചവർക്കു മാത്രമേ പൂർണമായും ദൈവശുശ്രൂഷക്കാരായിരി



*മാമ്മോന്റെ ഭൃത്യൻ രാപ്പകൽ ചിന്തിക്കുന്നതും സ്വപ്നം കാണുന്നതും കൂടുതൽ പണം ഉണ്ടാക്കുന്നതിനെക്കുറിച്ചാണ്.*

കോപിച്ചു സമനില തെറ്റുന്ന ഒരുവന് ദൈവഭൃത്യനായിരിപ്പാൻ കഴിയുകയില്ല. അദ്ദേഹം ഒരു പാസ്റ്ററോ, ചീഫ് പാസ്റ്ററോ ആയിരിക്കാം. പക്ഷേ ദൈവഭൃത്യനല്ലെന്നു വ്യക്തം. പല പെന്തക്കോസ്തു പാസ്റ്റർമാരും ഞായറാഴ്ച രാവിലെ 'മറുഭാഷ'കളിൽ ദൈവത്തെ ഉച്ചത്തിൽ മഹത്വപ്പെടുത്തുകയും ഉച്ചകഴിഞ്ഞ് 'മാതൃഭാഷ'യിൽ ഭാര്യയോട് ഒച്ചയിടുകയും ചെയ്യുന്നു! മാതൃഭാഷയല്ല മറുഭാഷയിൽ സംസാരിക്കുമ്പോൾ മാത്രമേ ദൈവാത്മാവിനു നമ്മെ നിയന്ത്രിപ്പാൻ കഴിയുകയുള്ളോ? ഇതൊരു വഞ്ചനയാണ്.

ക്കാൻ കഴിയുകയുള്ളു. അവരെ മറ്റു ക്രിസ്ത്യാനികൾ തങ്ങളുടെ ദശാംശം നൽകി തീറ്റിപ്പോറ്റിക്കൊള്ളണം. എന്നാൽ ഇതു മാനുഷിക പാരമ്പര്യം അനുസരിച്ചുള്ള പഠിപ്പിക്കലാണ്. തിരുവെഴുത്തിൻ പ്രകാരം ഉള്ളതല്ല.

**പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യം**

"എന്നാൽ ഇപ്പോൾ പാപത്തിൽ നിന്നു സ്വാതന്ത്ര്യം പ്രാപിച്ചു ദൈവത്തിനു ദാസന്മാരായിരിക്കയാൽ..." (റോമ. 6:22).

ഇതാണ് ആദ്യം ആവശ്യമായിരിക്കുന്നത്. പാപത്തിൽ നിന്നു സ്വാതന്ത്ര്യം നേടുന്നതിലും എളുപ്പമാണ് ലോകജോലിയിൽ നിന്നു സ്വാതന്ത്ര്യം നേടുന്നത്. യേശു ഒരു ലോകജോലി ചെയ്തിരുന്നു. ആ സമയത്തും അവിടുന്ന് ദൈവദാസൻ തന്നെയായിരുന്നു.

കോപിച്ചു സമനില തെറ്റുന്ന ഒരുവന് ദൈവഭൃത്യനായിരിപ്പാൻ കഴിയുകയില്ല. അദ്ദേഹം ഒരു പാസ്റ്ററോ, ചീഫ് പാസ്റ്ററോ ആയിരിക്കാം. പക്ഷേ ദൈവഭൃത്യനല്ലെന്നു വ്യക്തം. പല പെന്തക്കോസ്തു പാസ്റ്റർമാരും ഞായറാഴ്ച രാവിലെ 'മറുഭാഷ'കളിൽ ദൈവത്തെ ഉച്ചത്തിൽ മഹത്വപ്പെടുത്തുകയും ഉച്ചകഴിഞ്ഞ് 'മാതൃഭാഷ'യിൽ ഭാര്യയോട് ഒച്ചയിടുകയും ചെയ്യുന്നു! മാതൃഭാഷയല്ല മറുഭാഷയിൽ സംസാരിക്കുമ്പോൾ മാത്രമേ ദൈവാത്മാവിനു നമ്മെ നിയന്ത്രിപ്പാൻ കഴിയുകയുള്ളോ? ഇതൊരു വഞ്ചനയാണ്. കഴിഞ്ഞ അനേക വർഷങ്ങളായി ഞാൻ അന്യഭാഷയിൽ സംസാരിക്കുന്നതിനാൽ ദൈവത്തോടു നന്ദിയുള്ളവനാണ്. അത് എനിക്ക് ആത്മിക വർദ്ധന വരുത്തുകയും ഈ വർഷങ്ങളിലെല്ലാം വിഷാദത്തിൽനിന്നും മ്ലാനതയിൽനിന്നും അധൈര്യത്തിൽനിന്നും എന്നെ പൂർണമായി വിടുവിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മാതൃഭാഷയിൽ എന്റെ ഭാര്യയോടോ, സഹോദരങ്ങളോടോ, അപരിചിതരോടോ, ഭിക്ഷക്കാരോടോ സംസാരിക്കുമ്പോൾ പരിശുദ്ധാത്മാവ് എന്റെ ഭാഷയെ നിയന്ത്രിക്കുന്നുണ്ട് എന്നുള്ളതിനാൽ ഞാൻ ദൈവത്തോടു കൂടുതൽ നന്ദിയുള്ളവനാണ്.

സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവനും സുവിശേഷപ്രസംഗകനും ദൈവഭൃത്യനുമായിരിപ്പാൻ യോഗ്യനല്ല. പാപം ചെയ്യാതിരിക്കാൻ തന്റെ കണ്ണുകളെ ചൂഴ്ന്നെടുത്തു കളയാൻ തയ്യാറാക

ത്തക്കവിധം മൗലികമായ നിലപാട് എടുക്കുന്നവനാണ് ദൈവഭൃത്യൻ. നിങ്ങൾ കണ്ണുകളുടെ അപഥസഞ്ചാരത്തെ ചൊല്ലി ദുഃഖിക്കുകയും രാത്രി കിടക്കയിൽ തലയിണയെ കണ്ണീരിൽ കുതിർക്കുകയും ചെയ്ത ഏറ്റവും അടുത്ത സമയം എന്നാണ്? ഇക്കാര്യത്തിൽ ഗൗരവമുള്ളവനല്ലെങ്കിൽ നിങ്ങൾ ആന്തരികമായി മെല്ലെ മെല്ലെ പിന്മാറി പോകുകയും ഒരുനാൾ പരസ്യമായി വീഴുകയും ചെയ്യും.

അല്പം പണത്തിനോ മാനത്തിനോ വേണ്ടി കള്ളം പറയുന്ന ഒരുവൻ സത്യത്തിൽ സാത്താന്റെ ഭൃത്യനാണ് (സാത്താനാണല്ലോ എല്ലാ ഭോഷ്കിന്റെയും പിതാവ്). അവനു ദൈവദാസനായിരിപ്പാൻ കഴിയുകയില്ല. തന്റെ ശത്രുക്കളെ എല്ലാം സ്നേഹിക്കുവാനും തനിക്കു തിന്മ ചെയ്തിട്ടുള്ള എല്ലാവരോടും നന്മ ചെയ്യുവാനും കഴിയാത്ത ഒരുവൻ സുവിശേഷം പ്രസംഗിക്കുവാൻ യോഗ്യനല്ല. ആരോടെങ്കിലും നേരിയ കയ്പോ ക്ഷമിക്കാത്ത മനോഭാവമോ ഹൃദയത്തിൽ ഉണ്ടെങ്കിൽ പ്രസംഗിക്കുന്നതിനു പകരം മിണ്ടാതെ വീട്ടിൽ പോയി അനുതപിക്കുകയും ഹൃദയത്തെ തിന്മയിൽ നിന്നു ശുദ്ധീകരിക്കുകയുമാണ് വേണ്ടത്.

**മാമ്മോനിൽ നിന്നുള്ള സ്വാതന്ത്ര്യം**

"നിങ്ങൾക്കു ദൈവത്തെയും മാമ്മോനെയും സേവിപ്പാൻ കഴിയുകയില്ല... രണ്ടു യജമാനന്മാരെ സേവിപ്പാൻ ഒരു ഭൃത്യനും കഴിയുകയില്ല. അവൻ ഒരുവനെ പകച്ചു മറ്റവനെ സ്നേഹിക്കും. അല്ലെങ്കിൽ ഒരുത്തനോട് പറ്റിച്ചേർന്നു മറ്റവനെ നിരസിക്കും" (ലൂക്കൊ. 14:13).

ഇതാണ് രണ്ടാമത്- മാമ്മോനിൽ നിന്ന് (പണത്തിൽനിന്നും ഭൗതികവസ്തുക്കളിൽ നിന്നും) ഉള്ള സ്വാതന്ത്ര്യം. വീണ്ടും പറയട്ടെ. മാമ്മോനിൽ നിന്നു സ്വാതന്ത്ര്യം നേടുന്നതിനേക്കാൾ എളുപ്പം ലോക ജോലിയിൽ നിന്നു സ്വാതന്ത്ര്യം നേടുന്നതാണ്.

> അല്പം പണത്തിനോ മാനത്തിനോ വേണ്ടി കള്ളം പറയുന്ന ഒരുവൻ സത്യത്തിൽ സാത്താന്റെ ഭൃത്യനാണ് (സാത്താനാണല്ലോ എല്ലാ ഭോഷ്കിന്റെയും പിതാവ്). അവനു ദൈവദാസനായിരിപ്പാൻ കഴിയുകയില്ല. തന്റെ ശത്രുക്കളെ എല്ലാം സ്നേഹിക്കുവാനും തനിക്കു തിന്മ ചെയ്തിട്ടുള്ള എല്ലാവരോടും നന്മ ചെയ്യുവാനും കഴിയാത്ത ഒരുവൻ സുവിശേഷം പ്രസംഗിക്കുവാൻ യോഗ്യനല്ല.

നിങ്ങൾ ഒരു തെരഞ്ഞെടുപ്പ് നടത്തേണ്ടിയിരിക്കുന്നു. ആരെയാണ് നിങ്ങൾ സേവിക്കാൻ പോകുന്നത്? ദൈവത്തെയോ മാമ്മോനെയോ? പല 'മുഴുസമയ ശുശ്രൂഷകന്മാരും' രണ്ടു പേരെയും ഒരേസമയം അന്വേഷിക്കുകയാണു ചെയ്യുന്നത്. ഏതു ലോക ജോലിയിൽ പോയാലും കിട്ടുന്നതിലേറെ 'ദൈവദാസന്മാരെ'ന്ന പേരിൽ അവർ ഇന്നു നേടുന്നു. ദൈവത്തെ സേവിക്കുന്നതിൽ ലോക സുഖങ്ങളും പണവും ഭൗതിക വസ്തുക്കളും യാഗപീഠത്തിൽ സമർപ്പിച്ചിട്ടില്ലാത്ത ഒരുവൻ യഥാർത്ഥത്തിൽ ദൈവത്തെയല്ല സേവിക്കുന്നത്.

ഏതു വിശ്വാസിക്കും ദൈവത്തിന്റെ ഭൃത്യനായിരിക്കാൻ കഴിയും.

എന്നാൽ അവൻ മാമ്മോനെ സ്നേഹിക്കുന്നതിൽ നിന്നു സ്വതന്ത്രനാകേണ്ടതുണ്ട്. സത്യത്തിൽ, പ്രസ്തുത വാക്യം ശ്രദ്ധിച്ചു വായിച്ചാൽ നാം മാമ്മോനെ വെറുക്കുകയും പകെക്കുകയും ചെയ്താൽ മാത്രമേ ദൈവത്തിന്റെ ഭൃത്യന്മാരായിരിക്കാൻ കഴിയുകയുള്ളുവെന്നാണ് യേശു പറഞ്ഞതെന്നു കാണാൻ കഴിയും.

നിങ്ങളുടെ അവസ്ഥ എന്താണ്? മാമ്മോനോടുള്ള നിങ്ങളുടെ മനോഭാവം ഇതാണെന്നോ കുറഞ്ഞ പക്ഷം ഈ മനോഭാവം പുലർത്തുവാൻ ആഗ്രഹിക്കുന്നുവെന്നോ ദൈവസന്നിധിയിൽ പറയുവാൻ നിങ്ങൾക്കു കഴിയുമോ? എങ്കിൽ മാത്രമേ ദൈവത്തിന്റെ ഭൃത്യനായിരിക്കാൻ യോഗ്യതയുള്ളു.

യേശു വച്ച ഈ മാനദണ്ഡത്തെ തൃപ്തിപ്പെടുത്തുവാൻ എത്ര മുഴുസമയ ശുശ്രൂഷകർക്കു കഴിയും? വളരെ ചുരുക്കം പേർക്കു മാത്രം.

നാം ദൈവത്തെയാണോ മാമ്മോനെയാണോ സേവിക്കുന്നതെന്നു മനസ്സിലാക്കാൻ ഇവരിൽ ആരുടെ കല്പനയാണ് നാം അനുസരിക്കുന്നത്, ആരുടെ അവകാശവാദങ്ങൾക്കാണു മുൻഗണന നൽകുന്നത് എന്നു നോക്കിയാൽ മതി. ആർക്കും രണ്ടു യജമാനന്മാരെ സേവിക്കുവാൻ സാധ്യമല്ല. പണം നിങ്ങളെ വിളിക്കുമ്പോൾ പൊടുന്നനെ അതിനോട് അനുകൂലമായി പ്രതികരിക്കാറുണ്ടെങ്കിൽ മാമ്മോന്റെ ഭൃത്യനാണു നിങ്ങൾ.

ധനികരായ വിശ്വാസികളുള്ള സൗകര്യപ്രദമായ സ്ഥലങ്ങളിലേക്കു മാത്രം യാത്ര ചെയ്യുവാൻ മിക്ക പ്രസംഗകരും ഇഷ്ടപ്പെടുന്നതെന്തുകൊണ്ട്? എത്ര പേർ ഇന്ത്യയിലെ ഗ്രാമങ്ങളിലെ ദരിദ്രരായ വിശ്വാസികളെ സന്ദർശിച്ച് അവരെ വിശ്വാസ

# യഥാർത്ഥ ദൈവഭൃത്യൻ

"അപ്പല്ലോസ് ആര്? പൗലൊസ് ആര്?" എന്നു പൗലൊസ് ചോദിക്കുന്നു (1 കൊരി. 3:5). പൗലൊസ് ദൈവത്തിന്റെ ശക്തനായ ഒരപ്പൊസ്തലനാണെന്നു നാം ഉത്തരം പറഞ്ഞേക്കാം. അദ്ദേഹം മരിച്ചവരെ ഉയിർപ്പിച്ചു. അനേകം സഭകൾ സ്ഥാപിച്ചു. തിരുവെഴുത്തുകൾ എഴുതുക തന്നെയും ചെയ്തു. എന്നാൽ പൗലൊസ് തന്നെപ്പറ്റിത്തന്നെ "പൗലൊസ് ആര്?" എന്നു ചോദിക്കുന്നു. "ഒരു വേലക്കാരൻ മാത്രം" എന്ന് ഉത്തരങ്ങൾ നൽകുകയും ചെയ്യുന്നു. ജീവിതാന്ത്യംവരെയും തന്നെക്കുറിച്ചു പൗലൊസിനുണ്ടായിരുന്ന അഭിപ്രായം അതായിരുന്നു. അദ്ദേഹം വഴിയരികിൽ വീണു പോകാഞ്ഞതിൽ അത്ഭുതത്തിന് എന്തവകാശം?

മറ്റുള്ളവരുടെ ദാസനെന്നതിൽ കവിഞ്ഞു നമ്മെക്കുറിച്ചെന്തെങ്കിലും നാം ചിന്തിക്കുവാൻ ആരംഭിക്കുന്ന നിമിഷത്തിൽ തന്നെ നാം പിന്മാറിപ്പോകുവാൻ തുടങ്ങിയിരിക്കുന്നു.

പൗലൊസ് തുടർന്നു പറയുന്നു:

ത്തിൽ ഉറപ്പിക്കാൻ സമയം ചെലവിടുന്നുണ്ട്? തീർച്ചയായും അങ്ങനെയുള്ളവരാണ് ദൈവത്തിന്റെ ഇന്ത്യയിലെ യഥാർത്ഥ ദാസന്മാർ.

ഇന്ത്യക്കാരായ പല മുഴു സമയ ശുശ്രൂഷകന്മാരും അമേരിക്കയിൽ താമസിക്കുകയും ഇന്ത്യയെക്കുറിച്ചാണു തങ്ങളുടെ ഭാരമെന്ന് അവകാശപ്പെടുകയും ചെയ്യുന്നു. ഇതു തികഞ്ഞ കാപട്യമാണെന്നു വ്യക്തം. എന്നിട്ടും ധാരാളം വിശ്വാസികളെ അവർ വിഡ്ഢികളാക്കുന്നു. സത്യത്തിൽ ഇന്ത്യയെക്കുറിച്ചു ഭാരമുണ്ടായിരുന്നെങ്കിൽ അവർ ഇവിടെ തന്നെ താമസിക്കുമായിരുന്നില്ലേ? ഒരു വിശ്വാസി മറ്റൊരു രാജ്യത്തേക്കു താമസം മാറ്റുന്നതിൽ തെറ്റൊന്നുമില്ല. എന്നാൽ താമസം മാറ്റുന്നതിനു പിന്നിലെ മനോഭാവമാണ് പ്രധാനം. യേശുവും തന്റെ വാസം സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കു മാറ്റി. പക്ഷേ അതിനു പിന്നിലെ അവിടുത്തെ മനോഭാവം എന്തായിരുന്നു? സുഖവും സൗകര്യവും പണവുമായിരുന്നോ അതിനുള്ള പ്രേരണ? അതോ ആവശ്യത്തിലിരിക്കുന്ന ആളുകൾ സഹായിക്കപ്പെടുകയും ദൈവം മഹത്വപ്പെടുകയും ചെയ്യണം എന്നതായിരുന്നോ? ഒരു സ്ഥലത്തു നിന്ന് മറ്റൊരിടത്തേക്കു താമസം മാറ്റുന്നതിനു നിങ്ങളെ പ്രേരിപ്പിക്കുന്നത് എന്താണ്? നിങ്ങൾ മാമ്മോന്റെ ദാസനാണോ ദൈവത്തിന്റെ ദാസനാണോ എന്നത് അതു തെളിയിക്കും.

മാമ്മോനെ സേവിക്കുന്ന ഒരുവനെക്കൊണ്ട് ദൈവത്തിനു പ്രയോജനമില്ലെന്നു സാത്താന് അറിയാം. അതുകൊണ്ട് അങ്ങനെയുള്ള പ്രസംഗകരെ അവൻ തനിയെ വിടുന്നു. നിങ്ങളെ ഉപദ്രവിക്കാതിരിക്കുകയും ലോക മനുഷ്യരിൽ നിന്നും 'ക്രിസ്തീയ' ഗോളത്തിൽ നിന്നും അംഗീ

"ഞാൻ നട്ടു. അപ്പല്ലോസ് നനച്ചു." ആരാണ് ഇവരിൽ വലിയവൻ? നടുന്നവൻ, അതായത് മറ്റാരും കടന്നു ചെന്നിട്ടില്ലാത്ത ഒരു സ്ഥലത്തേക്ക് ചെന്ന് മുമ്പൊന്നും ഇല്ലാതിരുന്ന സ്ഥാനത്ത് ദൈവത്തിനുവേണ്ടി ഒരു വേല ആരംഭിക്കുന്നവനാണോ വലിയവൻ? അതോ അതിനു ശേഷം വന്നു ദൈവവചനം പഠിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും വിശ്വാസികളെ ഒരു ശരീരമായി പണിയുകയും ചെയ്തു നട്ടിരിക്കുന്നതിനെ നനയ്ക്കുന്നവനാണോ വലിയവൻ? രണ്ടു പേരുമല്ല എന്നതാണ് പൗലൊസ് ഇതിനു നൽകുന്ന ഉത്തരം. ഇരുവരും ഏതുമില്ല എന്നു പൗലൊസ് പറയുന്നു (1കൊരി. 3:7). രണ്ടു പേരും പൂജ്യങ്ങൾ മാത്രം. ചെടിയെ വളരുമാറാക്കുന്ന ദൈവം തന്നെയാണ് സകലത്തിലും സകലവും.

തന്റെ ജീവിതാന്ത്യം വരെയും പൗലൊസ് തന്നെത്തന്നെ ഒരു പൂജ്യമായി പരിഗണിച്ചു. തന്മൂലം അവസാനം വരെയും ദൈവത്തിന് അദ്ദേഹത്തെ ഉപയോഗിക്കാൻ സാധിക്കുകയും ചെയ്തു. ദൈവമായിരുന്നു പൗലൊസിന് സകലവും.

ഒരിക്കൽ ബിലെയാമിനോടു സംസാരിക്കുവാൻ ദൈവത്തിന് ഒരു കഴുതയെ ആവശ്യമായിരുന്നു. മറ്റൊരവസരത്തിൽ യെരുശലേമിലേക്കു യാത്ര ചെയ്യുവാൻ തനിക്ക് ഒരു കഴുതയെ വേണ്ടി വന്നു. തന്റെ ലക്ഷ്യ

കാരം നേടാൻ തനിയെ വിടുകയുമാണ് സാത്താനു നിങ്ങളോടു ചെയ്യാവുന്ന ഏറ്റവും വലിയ അപമാനം.

ആത്മാക്കളെ നേടുകയും സഭയെ പണിയുകയും ചെയ്യുന്നതിനെക്കുറിച്ചാണ് ഒരു ദൈവഭൃത്യന്റെ എപ്പോഴുമുള്ള ചിന്ത. രാത്രിയിൽ അവൻ സ്വപ്നം കാണുന്നത് അതു തന്നെ. എന്നാൽ മാമ്മോന്റെ ഭൃത്യൻ രാപ്പകൽ ചിന്തിക്കുന്നതും സ്വപ്നം കാണുന്നതും കൂടുതൽ പണം ഉണ്ടാക്കുന്നതിനെക്കുറിച്ചാണ്. നമുക്കു നമ്മുടെ ഉപബോധ മനസ്സിനെ കബളിപ്പിക്കാൻ കഴിയുകയില്ല. കാരണം, നാം എന്താണ് ആഗ്രഹിക്കുന്നതെന്ന് മറ്റാരെയുംകാൾ കൂടുതൽ അറിയാവുന്നത് അതിനാണ്. നാം മാമ്മോനെ സ്നേഹിക്കുന്നെങ്കിൽ ആ കാര്യം സത്യസന്ധമായി ദൈവമുമ്പാകെ പറയുകയും വിടുതലിനായി പ്രാർത്ഥിക്കുകയും ചെയ്യുക. സത്യസന്ധരായ വിശ്വാസികളെക്കുറിച്ച് ഏറെ പ്രതീക്ഷയ്ക്കു വകയുണ്ട്. എന്നാൽ സത്യസന്ധതയില്ലാത്ത കപട ഭക്തരെക്കുറിച്ച് ഒരു പ്രതീക്ഷയും അവശേഷിക്കുന്നില്ല.

ങ്ങൾ സാധിക്കുവാൻ അവിടുത്തേക്ക് ഇന്നും കഴുതകളെ ആവശ്യമാണ്. അതിനാൽ നാം ആരാണ്? തനിക്കു വേണ്ടി സംസാരിക്കാനും തനിക്കു സവാരി ചെയ്യുവാനും കർത്താവു തെരഞ്ഞെടുത്ത കഴുതകൾ തന്നെ.

ദൈവം സകലവും ആകുന്നതിനു വേണ്ടി തങ്ങൾ ഏതുമില്ലാത്തവരായിത്തീരുവാൻ സഹോദരന്മാർ സന്നദ്ധരായിരിക്കുന്നിടത്തെല്ലാം ആരാണ് കൂടുതൽ ആത്മീയനായി എണ്ണപ്പെടുന്നവൻ, ആരാണു വലിയവൻ തുടങ്ങിയ കാര്യങ്ങളെപ്പറ്റി യാതൊരു മത്സരവും അവർക്കിടയിൽ ഉണ്ടാവുകയില്ല.

എപ്പോഴെല്ലാം ഒരാൾ ഒരു സമൂഹത്തിലെ നേതാവെന്ന നിലയിൽ സ്വയം ഉയർത്തുവാൻ ഭാവിക്കുമോ, അപ്പോഴെക്കെയും ദൈവം അയാളെ അലമാരിയുടെ ഒരു തട്ടിൽ എടുത്തു വയ്ക്കും. എല്ലാ സഭയ്ക്കും നേതാക്കന്മാർ ആവശ്യമാണെന്നതു ശരി തന്നെ; എന്നാൽ ആരെ ദൈവം തെരഞ്ഞെടുക്കുമോ അയാളാണ് നേതാവ്.

മറ്റുള്ളവരാൽ തങ്ങളുടെ നേതാവെന്ന നിലയിൽ അംഗീകരിക്കപ്പെടുവാനുള്ള ദൈവകൃപ വേറൊരു സഹോദരനു ദൈവം നൽകുന്ന പക്ഷം നമ്മെത്തന്നെ താഴ്ത്തുവാനും, ആ വസ്തുത അംഗീകരിക്കുവാനും വേഗത്തിൽ നാം ഒരുമ്പെടണം. നേരെ മറിച്ച് അയാളുടെ ശുശ്രൂഷയെപ്പറ്റി നാം അസൂയാലുക്കളാകുന്നുവെങ്കിൽ നമ്മുടെ പ്രദേശത്തു ക്രിസ്തുവിന്റെ ശരീരം പണിയപ്പെടുന്നതിനെ തടസ്സപ്പെടുത്തുന്ന സാത്താന്റെ ഏജന്റന്മാരായി നാം തീരും.

സഭയെ നയിക്കുവാൻ ഏറ്റവും പറ്റിയ വ്യക്തി ആരാണെന്നുള്ളതു ദൈവം അറിയുന്നു. സമർത്ഥരേയും ബുദ്ധിശാലികളെയുമല്ല ദൈവം അന്വേഷിക്കുന്നത്. നേരെ മറിച്ചു ബലഹീനരും മനസ്സു തകർന്നവരും തങ്ങൾ വെറും പൂജ്യങ്ങളാണെന്ന് അംഗീകരിക്കുന്നവരുമായ വ്യക്തികളെ ദൈവം തെരഞ്ഞെടുക്കുന്നു.

ഈ വസ്തുത നാം മനസ്സിലാക്കിയിട്ടുണ്ടോ? ■

ഇക്കാലങ്ങളിൽ 'അത്ഭുതങ്ങൾ നടക്കുന്ന ക്രൂസേഡു'കളെക്കുറിച്ചു ധാരാളം കേൾക്കാറുണ്ട്. എന്നാൽ ആളുകളോടു പണം ആവശ്യപ്പെടാതിരിക്കുക എന്ന അത്ഭുതം നടക്കുന്ന ഒരു ക്രൂസേഡു കാണുവാൻ ഞാൻ കാത്തിരിക്കുകയാണ്! യേശുവും അപ്പൊസ്തലന്മാരും തങ്ങളുടെ മീറ്റിംഗുകളിലൊന്നും ആളുകളിൽ നിന്നു ധനശേഖരണം നടത്തിയിരുന്നില്ല. എന്നാൽ ലജ്ജയില്ലാതെ ആളുകളോടു പണം ചോദിക്കുന്ന പ്രസംഗകരെ ഇന്നത്തെ അന്ധരും വിവേചനം ഇല്ലാത്തവരുമായ വിശ്വാസികൾ വിലമതിക്കുകയും അവർ ദൈവത്തിന്റെ വിലയേറിയ ദാസന്മാരെന്നു കരുതുകയും ചെയ്യുന്നു! ഇത്തരം പ്രസംഗകർ ദൈവത്തെയല്ല തങ്ങളെ തന്നെയാണു ശുശ്രൂഷിച്ചതെന്ന് ക്രിസ്തുവിന്റെ ന്യായാസനത്തിലെ വെളിച്ചത്തിനു മുമ്പിൽ ഒരു നാൾ വെളിപ്പെടും.

വേദശാസ്ത്രപരമായി 'സുവിശേഷവിഹിത'രായവരും അല്ലാത്തവരും എന്നു വിശ്വാസികൾ ആളുകളെ രണ്ടായി തിരിക്കാറുണ്ട്. എന്നാൽ ഈ കൂട്ടത്തിൽ സാത്താനും സൈന്യവും 'സുവിശേഷവിഹിത'രുടെ വശത്താണെന്ന് ഓർത്തിരിക്കണം. കാരണം അവരും വേദശാസ്ത്രപരമായി സുവിശേഷവിഹിതരാണല്ലോ (യാക്കോബ് 2:19)!! എന്നാൽ ദൈവം ആളുകളെ വേർതിരിക്കുന്നത് ദൈവത്തെ സ്നേഹിക്കുന്നവരെന്നും മാമ്മോനെ സ്നേഹിക്കുന്നവരെന്നും രണ്ടായിട്ടാണ്. അപ്പോൾ സാത്താനും സൈന്യവും മാമ്മോനെ സ്നേഹിക്കുന്ന കൂട്ടത്തിലായിരിക്കും.

മുമ്പേ അവിടുത്തെ രാജ്യം അന്വേഷിച്ചാൽ നാം തേടാതെ തന്നെ നമ്മുടെ ഭൂമിയിലെ ജീവിതത്തിന് ആവശ്യമുള്ളത് ദൈവം തരും. എന്റെ കഴിഞ്ഞ 38 വർഷത്തെ ക്രിസ്തീയ ജീവിതത്തിൽ ഇതു സത്യമാണെന്നു ഞാൻ കണ്ടെത്തിയിട്ടുണ്ട്. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും, എന്നാൽ ദൈവത്തിന്റെ വചനം മാറിപ്പോകയില്ല. മുമ്പേ തന്റെ രാജ്യം അന്വേഷിക്കുന്നവർക്ക് ദൈവം വേണ്ടത് എല്ലാം നൽകുമെന്ന സത്യത്തിന്റെ ജീവിക്കുന്ന ഉദാഹരണങ്ങളായിരിക്കണം നാം എല്ലാവരും. ക്രിസ്തീയ ജീവിതത്തിലുടനീളം

ഇക്കാലങ്ങളിൽ 'അത്ഭുതങ്ങൾ നടക്കുന്ന ക്രൂസേഡു'കളെക്കുറിച്ചു ധാരാളം കേൾക്കാറുണ്ട്. എന്നാൽ ആളുകളോടു പണം ആവശ്യപ്പെടാതിരിക്കുക എന്ന അത്ഭുതം നടക്കുന്ന ഒരു ക്രൂസേഡു കാണുവാൻ ഞാൻ കാത്തിരിക്കുകയാണ്! യേശുവും അപ്പൊസ്തലന്മാരും തങ്ങളുടെ മീറ്റിംഗുകളിലൊന്നും ആളുകളിൽനിന്നു ധനശേഖരണം നടത്തിയിരുന്നില്ല. എന്നാൽ ലജ്ജയില്ലാതെ ആളുകളോടു പണം ചോദിക്കുന്ന പ്രസംഗകരെ ഇന്നത്തെ അന്ധരും വിവേചനം ഇല്ലാത്തവരുമായ വിശ്വാസികൾ വിലമതിക്കുകയും അവർ ദൈവത്തിന്റെ വിലയേറിയ ദാസന്മാരെന്നു കരുതുകയും ചെയ്യുന്നു!

**വേദശാസ്ത്രപരമായി 'സുവിശേഷവിഹിത'രായവരും അല്ലാത്തവരും എന്നു വിശ്വാസികൾ ആളുകളെ രണ്ടായി തിരിക്കാറുണ്ട്. എന്നാൽ ഈ കൂട്ടത്തിൽ സാത്താനും സൈന്യവും 'സുവിശേഷവിഹിത'രുടെ വശത്താണെന്ന് ഓർത്തിരിക്കണം. കാരണം അവരും വേദശാസ്ത്രപരമായി സുവിശേഷവിഹിതരാണല്ലോ (യാക്കോബ് 2:19)!! എന്നാൽ ദൈവം ആളുകളെ വേർതിരിക്കുന്നത് ദൈവത്തെ സ്നേഹിക്കുന്നവരെന്നും മാമ്മോനെ സ്നേഹിക്കുന്നവരെന്നും രണ്ടായിട്ടാണ്. അപ്പോൾ സാത്താനും സൈന്യവും മാമ്മോനെ സ്നേഹിക്കുന്ന കൂട്ടത്തിലായിരിക്കും.**

തുടർച്ചയായി എല്ലാ സമയവും ദൈവരാജ്യമായിരുന്നു നമ്മുടെ ആദ്യ അന്വേഷണമെന്ന് ആർക്കും പറയാൻ കഴിയുകയില്ലെങ്കിലും പണത്തിനു പിന്നാലെ ഓടിയിട്ടില്ല എന്ന സാക്ഷ്യം തീർച്ചയായും നമുക്കു പറയാൻ കഴിയണം. നാം സുവിശേഷ പ്രസംഗകരാണെങ്കിൽ പണം കിട്ടുമെന്നതുകൊണ്ടു മാത്രം ഒരിടത്തും പ്രസംഗിക്കാൻ പോയിട്ടില്ലെന്ന സാക്ഷ്യവും നമുക്കുണ്ടായിരിക്കണം. പണക്കാരെ പ്രസാദിപ്പിക്കുക, പാവങ്ങളെ അവഗണിക്കുക, ധനശേഖരണം നടത്തുന്നതിൽ താല്പര്യം കാട്ടുക, നമ്മുടെ പണപരമായ ആവശ്യങ്ങൾ മറ്റുള്ളവരെ അറിയിക്കുക, മറ്റുള്ളവരിൽ നിന്നു സഹായം പ്രതീക്ഷിക്കുക തുടങ്ങിയവയൊന്നും ഉണ്ടായിട്ടില്ല എന്നതും നമ്മുടെ സാക്ഷ്യമായിരിക്കണം. പൗലൊസിന് ഇത്തരം സാക്ഷ്യം പറയാൻ കഴിയുമായിരുന്നു. പൗലൊസിനെപ്പോലെ തങ്ങളും ദൈവത്തെ സേവിക്കുകയാണെന്ന് അവകാശപ്പെട്ടിരുന്ന തന്റെ കാലത്തെ പണസ്നേഹികളായ പ്രസംഗകരെ തുറന്നു കാട്ടുവാൻ വേണ്ടിയാണ് താൻ അപ്രകാരം ജീവിച്ചതെന്നു പൗലൊസ് പറയുന്നു (2 കൊരി. 11:110-13 ലിവിംഗ് ബൈബിൾ).

ഇന്ന് ക്രിസ്തീയ ഗോളത്തിൽ കാണുന്ന പണസ്നേഹികളായ പ്രസംഗകരെ തുറന്നു കാട്ടുവാൻ ഇന്ത്യയിലും പൗലൊസിനെപ്പോലെ ജീവിക്കുന്ന സാക്ഷികളുടെ ആവശ്യമുണ്ട്. സാത്താൻ നമ്മെയും, നമ്മുടെ ശുശ്രൂഷയേയും ഇത്രയേറെ വെറുക്കുകയും, ഒരിക്കലും നമ്മുടെ മീറ്റിംഗുകൾക്കു വരികയോ പ്രസംഗം കേൾക്കുകയോ ചെയ്തിട്ടില്ലാത്ത വിശ്വാസികളെക്കൊണ്ടു പോലും നമ്മെ ദുരുപദേശക്കാർ, എതിർക്രിസ്തുക്കൾ, തീവ്രവാദികൾ, വ്യാജപ്രവാചകന്മാർ എന്നു വിളിപ്പിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണ്? അതിന്റെ കാരണം പണത്തെ സ്നേഹിക്കുകയും ഒപ്പം ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കുകയും ചെയ്യുന്ന മുഴുസമയ ശുശ്രൂഷകന്മാർ വാസ്തവത്തിൽ സാത്താന്റെ ഭൃത്യന്മാരാണെന്ന സത്യം (2 കൊരിന്ത്യർ 11:10-13 വാക്യങ്ങളുടെ പശ്ചാത്തലത്തിൽ 15-ാം വാക്യം വായിക്കുക) നാം തുറന്നു കാട്ടി സാത്താന്റെ

രാജ്യത്തെ കിടിലം കൊള്ളിക്കുന്നു എന്നതു തന്നെ.

അനീതിയുള്ള മാമ്മോനിൽ വിശ്വസ്തരായില്ലെങ്കിൽ ദൈവരാജ്യത്തിന്റെ യഥാർത്ഥ സമ്പത്ത് നിങ്ങളെ ഏല്പിക്കുകയില്ലയെന്നു യേശു പറഞ്ഞു (ലൂക്കൊ. 16:11). പാശ്ചാത്യ രാജ്യങ്ങളിലെ ക്രിസ്തീയതയുടെ അന്ധമായ അനുകരണം, ദൈവവചനത്തെ സംബന്ധിച്ചു വെളിപ്പാട് ഇല്ലാത്ത അവസ്ഥ, വിരസമായ പ്രസംഗങ്ങൾ എന്നിവയെല്ലാം സത്യത്തിൽ വിരൽ ചൂണ്ടുന്നത് ഇന്നത്തെ പ്രസംഗകർ പണത്തിന്റെ കാര്യത്തിൽ വിശ്വസ്തരല്ല എന്നതിലേക്കല്ലേ?

**മനുഷ്യരെ പ്രസാദിപ്പിക്കുന്നതിൽ നിന്നുള്ള സ്വാതന്ത്ര്യം**

"ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നുവെങ്കിൽ ക്രിസ്തുവിന്റെ ദാസനായിരിക്കയില്ല" (ഗലാ. 1:10).

ഇതാണ് മൂന്നാമതു വേണ്ടത് - മനുഷ്യരെ പ്രസാദിപ്പിക്കുവാനുള്ള അന്വേഷണത്തിൽ നിന്നുള്ള സ്വാതന്ത്ര്യം.

വീണ്ടും പറയട്ടെ, ലോകജോലി ഉപേക്ഷിക്കുന്നതാണ് മനുഷ്യരെ പ്രസാദിപ്പിക്കാനുള്ള അന്വേഷണത്തിൽ നിന്നു സ്വാതന്ത്ര്യം നേടുന്നതിനേക്കാൾ എളുപ്പം.

മനുഷ്യരെ പ്രസാദിപ്പിക്കാൻ വേണ്ടിയാണു ദൈവവചനം പ്രസംഗിക്കുന്നതെങ്കിൽ നാം ദൈവത്തിന്റെയല്ല, മനുഷ്യരുടെ ദാസന്മാരാണ്.

പ്രശസ്തമായ ചില കൺവഷനുകളിൽ അടുത്ത വർഷവും തന്നെ വിളിക്കണമെന്നു വിചാരിച്ച് ആരെയും മുറിപ്പെടുത്താത്ത നിലയിൽ ദൈവസന്ദേശത്തെ ഒരു പ്രസംഗകൻ മയപ്പെടുത്തുന്നുണ്ടെങ്കിൽ അവൻ മനുഷ്യരുടെ ദാസനായിപ്പോയി.

പരസ്യമായി പ്രാർത്ഥിക്കുമ്പോൾ കേൾവിക്കാരിൽ മതിപ്പുണ്ടാക്കാൻ ശ്രമിക്കുകയാണെങ്കിൽ നിങ്ങൾ ആളുകളുടെ അഭിപ്രായത്തെയാണ്, ജീവനുള്ള ദൈവത്തെയല്ല ആരാധിക്കുന്നത്. തനിക്കല്ല മനുഷ്യർക്കാണ് അത് അർപ്പിക്കപ്പെടുന്നത് എന്നുള്ളതിനാൽ ദൈവം അത്തരം പ്രാർത്ഥനകൾ കേൾക്കുന്നില്ല.

ഈ മട്ടിൽ, നമ്മുടെ വസ്ത്രധാരണം, സംസാരം, നടപ്പ് എന്നിവയെല്ലാം നമുക്കു പരിശോധിക്കുവാൻ കഴിയും. ഇവ എന്തെങ്കിലും മറ്റു മനുഷ്യരിൽ നമ്മുടെ 'വിശുദ്ധി'യെക്കുറിച്ചോ 'താഴ്മ'യെക്കുറിച്ചോ മതിപ്പുണ്ടാക്കാൻ വേണ്ടിയാണെങ്കിൽ നാം ദൈവത്തിന്റെയല്ല മനുഷ്യരുടെ ദാസന്മാരാണ്.

ഭാര്യയെയോ ഭർത്താവിനെയോ പ്രസാദിപ്പിക്കുന്നത് എങ്ങനെയാണ് എന്നാണു നിങ്ങളുടെ അന്വേഷണമെന്നിരുന്നാൽ പോലും നിങ്ങൾക്കു ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയില്ല.

ദൈവത്തെ കൂടുതൽ പ്രസാദിപ്പിക്കുംതോറും ദൈവത്തെ അറിയാത്തവരാലും ക്രിസ്തീയ മതനേതാക്കളാലും നിങ്ങൾ കൂടുതൽ നിന്ദിക്കപ്പെട്ടുകൊണ്ടിരിക്കും. യേശുവിനെ ഈ ലോകം 'ബെയെൽസബൂൽ' എന്നു വിളിച്ചെങ്കിൽ അവിടുത്തെ ശിഷ്യന്മാർക്ക് ഈ ലോകം എന്തെല്ലാം പേരുകൾ നൽകും! അവർ ഈ ലോകത്ത് ഒരു പോപ്പിനെയോ, മെത്രാനെയോ, ചീഫ് പാസ്റ്ററയോ ഏതെങ്കിലും മനുഷ്യ ജീവിയെയോ പ്രീതിപ്പെടുത്താൻ ശ്രമിക്കുന്നില്ല എന്നതിനാലാണ് അവരേയും ഇപ്രകാരം നിന്ദിക്കുന്നത്. ■

# ഫലം നൽകുന്ന ഒരു ജീവിതം

എഫ്. ബി. മേയർ

"**യോസേഫ്** ഫലപ്രദമായൊരു വൃക്ഷം, നീരുറവിനരികെ ഫലപ്രദമായൊരു വൃക്ഷം തന്നെ; അതിന്റെ കൊമ്പുകൾ മതിലിന്മേൽ പടരുന്നു." യോസേഫിന്റെ ജീവിതത്തെക്കുറിച്ച് എത്ര സത്യവും മനോഹരവുമായ ഒരു സാദൃശ്യം!

ഇതാ വരണ്ട ഒരു മരുപ്രദേശം. ഒരു പച്ചിലയ്ക്കുപോലും പ്രതീക്ഷയില്ല, പിന്നെ ഫലങ്ങളോ? അതെ, തളിർത്ത ഇലകളും, തിങ്ങി നിറഞ്ഞു നിൽക്കുന്ന ശിഖരങ്ങളും, സമൃദ്ധമായ ഫലങ്ങളും. ഇവിടെയിതാ അവ്വണ്ണം ഒരു വൃക്ഷം പടർന്നു പന്തലിച്ചു നിൽക്കുന്നു. എന്താണതിന്റെ രഹസ്യം? ആഴങ്ങളുടെ ഉറവുകളിലേക്ക് ഇറങ്ങിപ്പോയിരിക്കുന്ന വേരുകൾ, അത്യുഷ്ണത്തെ അതിജീവിക്കുമാറ് അതിന്റെ തണ്ടുകളിലേക്കു ജലാംശത്തെ വലിച്ചെടുത്തുകൊണ്ടിരിക്കുന്നു.

യോസേഫിന്റെ ജീവിതത്തിന്റെ യഥാർത്ഥ ചിത്രമാണിത്. ആത്മീയമായി പറഞ്ഞാൽ യോസേഫിന്റെ ജീവിതം ചെലവഴിക്കപ്പെട്ടത് ദാഹിച്ചു വരണ്ട ഒരു ദേശത്തായിരുന്നു. തന്റെ ആത്മീയ ജീവിതത്തെ പരിപോഷിപ്പിക്കത്തക്കതായി അധികമൊന്നും മിസ്രയീമിൽ ഇല്ലായിരുന്നുവെങ്കിൽപോലും, ജീവിതാന്ത്യം വരെ അവൻ ഫലം കായ്ചു- സ്നേഹവും, സന്തോഷവും, സമാധാനവും, ദീർഘക്ഷമയും, സൗമ്യതയും, സൽഗുണവും, ഇന്ദ്രീയജയവും അവനിൽ ഉണ്ടായിരുന്നു. അതു കവിഞ്ഞു വരികയും ചെയ്തിരുന്നു.

നിശ്ചയമായും അവന്റെ കൊട്ടാരത്തിൽ വേർതിരിക്കപ്പെട്ട ഒരു മുറി അവനുണ്ടായിരുന്നിരിക്കണം; തന്റെ പിതാക്കന്മാരുടെ ദൈവത്തോടു സംസർഗത്തിലായിരിക്കുന്ന മണിക്കൂറുകൾ അവിടെ അവന്റെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായിരുന്നിരിക്കണം.

ഇപ്രകാരം ആത്മാവിൽ എരിവുള്ളവർ എത്രയോ വിരളം! കണക്കുപുസ്തകങ്ങൾക്കു സമയമുണ്ട്, തിരുവചനത്തിനു സമയമില്ല. പൊതുകാര്യങ്ങൾക്കും സാമൂഹിക കാര്യങ്ങൾക്കും സമയമുണ്ട്, പ്രാർത്ഥനയ്ക്കു സമയമില്ല. അവരുടെ ആത്മാവിൽ നിന്നും നവ്യതയും സൗന്ദര്യവും മാറിപ്പോയിരിക്കുന്നു, കണ്ണിൽ നിന്നും പ്രകാശവും. ജീവിതത്തിന്റെ ചുറ്റും കാളിമ പരന്നിരിക്കുന്നു, അവർ ക്ഷീണിതരും, അസ്വസ്ഥരും അസംതൃപ്തരുമായി കാണപ്പെടുന്നു.

ഫലപൂർണ്ണത, മാനുഷിക ശ്രമഫ

ലമല്ല. ഉറവകളിലേക്കു നമ്മുടെ വേരുകൾ അയയ്ക്കുന്നതിന്റെ ഫലമാണത്. വേറിട്ടിരിക്കുന്ന പ്രാർത്ഥനാസമയവും തിരുവചനധ്യാനത്തിന്റെ പ്രമോദവും ഇതിന് അനിവാര്യമാണ്. അങ്ങനെയെന്നാൽ ആ ഉത്സാഹത്തിന്റെ തീനാളം ഹൃദയത്തിൽ കെട്ടുപോകുകയില്ല. ഇല വാടുകയും കൊഴിയുകയുമില്ല. തക്ക കാലത്തൊക്കെയും ഫലം പുറപ്പെടുവിക്കാതിരിക്കുകയുമില്ല. ജോലിത്തിരക്കിനിടയിലും ആത്മാവിലെ എരിവു സാദ്ധ്യമല്ലെന്നു കരുതാതിരിക്കുക. യോസേഫിന് അത് അസാദ്ധ്യമായിരുന്നില്ല. തിരുവചനങ്ങളുടെ ലളിത പ്രമാണങ്ങളെ ആചരിക്കുന്ന ആർക്കും അത് അസാദ്ധ്യമായിരിക്കുകയില്ല. ഒരു വിളക്കു കത്തിച്ചാൽ മാത്രം പോര, ജ്വലിച്ചു നില്ക്കത്തക്കവണ്ണം അതിനുള്ള ഇന്ധനവും നൽകേണ്ടതുണ്ട്. എന്നാൽ എന്റെ എത്ര വായനക്കാർ വേറിട്ടുള്ള സമയങ്ങളുടെ പ്രാധാന്യം ഗ്രഹിച്ചിട്ടുണ്ട്? അതിൽ തുടരുന്നുണ്ട്? എത്ര പേർ തങ്ങളുടെ ആത്മാവിലെ വിളക്കിനെ അണച്ചുകളഞ്ഞിട്ടുണ്ട്? ദൈവവചനത്തിന്റെ കിണർ ഇതാ അടുത്തു തന്നെയുണ്ട്. അതിനടുത്തേക്കു ചെല്ലുകയും നിരന്തരം അതിൽനിന്നും കോരിക്കുടിക്കുകയും ചെയ്യുന്ന പതിവ് ഒരു പ്രിയമായിത്തീരട്ടെ. നിന്റെ ഉത്സാഹത്തെയും ശക്തിയെയും ചോർത്തുന്ന സ്വാധീനങ്ങളെ ഇവ്വണ്ണം നിനക്കു ചെറുക്കുവാൻ കഴിയും.

**ആത്മാവിൽ എരിവുള്ളവർ എത്രയോ വിരളം! കണക്കുപുസ്തകങ്ങൾക്കു സമയമുണ്ട്, തിരുവചനത്തിനു സമയമില്ല. പൊതുകാര്യങ്ങൾക്കും സാമൂഹിക കാര്യങ്ങൾക്കും സമയമുണ്ട്, പ്രാർത്ഥനയ്ക്കു സമയമില്ല. അവരുടെ ആത്മാവിൽ നിന്നും നവ്യതയും സൗന്ദര്യവും മാറിപ്പോയിരിക്കുന്നു, കണ്ണിൽ നിന്നും പ്രകാശവും. ജീവിതത്തിന്റെ ചുറ്റും കാളിമ പരന്നിരിക്കുന്നു, അവർ ക്ഷീണിതരും, അസ്വസ്ഥരും അസംതൃപ്തരുമായി കാണപ്പെടുന്നു.**

കർത്താവിനെപ്പോലെ നാമും ഈ ലോകത്തിലായിരിക്കേണ്ടതാകുന്നു. കൃപാസനത്തിലങ്കലേക്കുള്ള പ്രവേശനവും പ്രാർത്ഥനയുടെ ശക്തിയും അവനെപ്പോലെ നമുക്കും അനുപേക്ഷണീയമാണ്. എങ്കിൽ മാത്രമേ, കർത്താവിന്റെ സന്തോഷവും, സമാധാനവും ബലവും നമ്മുടേതായിത്തീരുകയുള്ളു. എങ്കിൽ മാത്രമെ അവന്റെ ശരീരത്തിന്റെ ഒരു സജീവ അവയവമായി തീരുകയുള്ളു; പിതാവിന്റെ രഹസ്യങ്ങൾ പങ്കു വയ്ക്കപ്പെടുന്ന സ്നേഹിതന്മാരാകുകയുള്ളു. അല്ലാഞ്ഞാൽ നാം ദൈവത്തിന്റെ നിറവോളം നിറഞ്ഞു വരികയില്ല.

എന്നാൽ ഈ അനുഗ്രഹ നിറവ് കർത്താവിനായി സമസ്തവും സമർപ്പിച്ച ഒരുവനുള്ളതാണ്. യോസേഫ് സഹോദരന്മാരിൽനിന്നും വേർതിരിക്കപ്പെട്ടവനായിരുന്നു (ഉല്പ. 49:26- മൂലഭാഷ). അവന്റെ മനോഭാവം, ജീവിതത്തിന്റെ ലക്ഷ്യം, പ്രകൃതം എന്നിവ വ്യത്യസ്തമായിരുന്നു. ഹൃദയത്തിന്റെ അഭിലാഷങ്ങ

ദൈവത്തിന്റെ ഹിതം എന്നുള്ളത് നമ്മുടെ ജീവിതത്തിന്റെ പരമോന്നത ലക്ഷ്യമായിത്തീരുവാൻ കഴിയുമോ? ഈ അത്യുത്തമമായതിനായി നമ്മുടെ ഇച്ഛ വേർതിരിച്ചു കഴിയുമ്പോൾ, ആ ഏക ലക്ഷ്യത്തിനായി അർപ്പിക്കുവാനും വളരെ ഉണ്ടായിരിക്കും. സ്വർഗീയമായവയുടെ ഉൾക്കാഴ്ചയും, അതിനോടുള്ള ആഭിമുഖ്യവും നമുക്കു വർദ്ധിച്ചു വരും. അവ നമ്മുടെ ദൃഷ്ടിയിൽ നിറഞ്ഞു വരികയും സത്യവും യഥാർത്ഥവുമായിത്തീരുകയും, അത്യന്തം വിലപ്പെട്ടതും അഭികാമ്യവുമായിത്തീരുകയും ചെയ്യും. അവ അന്തരംഗത്തിന്റെ തുടിപ്പും ആനന്ദവും ജീവിതത്തിന്റെ പ്രചോദനവും ആയിത്തീരും.

ളും, പ്രമോദവും തീർത്തും വിഭിന്നമായിരുന്നു. ഇവ്വണ്ണം നമുക്കും വ്യത്യസ്തരായിരിപ്പാൻ കഴിയുമോ? ദൈവത്തിന്റെ ഹിതം എന്നുള്ളത് നമ്മുടെ ജീവിതത്തിന്റെ പരമോന്നത ലക്ഷ്യമായിത്തീരുവാൻ കഴിയുമോ? ഈ അത്യുത്തമമായതിനായി നമ്മുടെ ഇച്ഛ വേർതിരിച്ചു കഴിയുമ്പോൾ, ആ ഏക ലക്ഷ്യത്തിനായി അർപ്പിക്കുവാനും വളരെ ഉണ്ടായിരിക്കും. സ്വർഗീയമായവയുടെ ഉൾക്കാഴ്ചയും, അതിനോടുള്ള ആഭിമുഖ്യവും നമുക്കു വർദ്ധിച്ചു വരും. അവ നമ്മുടെ ദൃഷ്ടിയിൽ നിറഞ്ഞു വരികയും സത്യവും യഥാർത്ഥവുമായിത്തീരുകയും, അത്യന്തം വിലപ്പെട്ടതും അഭികാമ്യവുമായിത്തീരുകയും ചെയ്യും. അവ അന്തരംഗത്തിന്റെ തുടിപ്പും ആനന്ദവും ജീവിതത്തിന്റെ പ്രചോദനവും ആയിത്തീരും. തൽഫലമായി സകല മിഥ്യയുടെയും ആകർഷണങ്ങളിൽ നിന്നുള്ള ആഴമായ വേർപാടിലേക്ക് അവ നമ്മെ നയിക്കും.

'നിങ്ങൾ അല്ല, ദൈവം അത്രേ എന്നെ ഇവിടേക്ക് അയച്ചത്, മിസ്രയീം ദേശത്തിനൊക്കെയും അവൻ എന്നെ അധിപതിയാക്കിയിരിക്കുന്നു.' തന്നെ അയച്ചതും ആക്കിയതും ഏല്പിച്ചതും ദൈവം തന്നെയെന്ന് അറിഞ്ഞ് എല്ലാറ്റിലും അവനോടു കണക്കു തീർക്കേണ്ടവനായി യോസേഫ് ജീവിച്ചു. നമ്മുടെ ഭൗതിക ജീവിതവും ആത്മിക ജീവിതവും ഒന്നായി ബന്ധിപ്പിക്കുന്ന ഒരു പ്രമാണം നമുക്കു അനുപേക്ഷണീയമാണ്. അനേകരും സാധാരണ ദിനങ്ങളിൽ ഒരു പ്രകാരവും ഞായറാഴ്ച മറ്റൊരു പ്രകാരവും ജീവിക്കുന്നവരാണ്. നമ്മുടെ ജീവിതത്തെ ഏകോപിപ്പിക്കുന്ന ആ അനുഗ്രഹിക്കപ്പെട്ട നിയമം ഏത്? ആ നല്ല ശതാധിപൻ അനുശാസിച്ച പ്രമാണമല്ലാതെ മറ്റൊന്നെനിക്കറിയില്ല– 'അധികാരത്തിനു കീഴിലുള്ള മനുഷ്യൻ' ഓരോ മണിക്കൂറിലും നമുക്കു യഥാർത്ഥമായിത്തീരേണ്ട കാര്യമാണത്. ഓരോ പുരുഷനും, ഓരോ സ്ത്രീയും യേശുക്രിസ്തുവിന്റെ അധികാരത്തിനു കീഴിലാണെന്ന കാര്യം, രക്ഷകനോട് എല്ലാറ്റിലുമുള്ള അനുസരണം, ജീവിതത്തെ ആകമാനം സമന്വയിപ്പിക്കുകയും ലളിതമാക്കുകയും ചെയ്യും. തന്റെ കാലത്തെ ആ ദരിദ്രരായ അടിമകൾക്ക്, അപ്പൊസ്തലൻ മഹത്വപൂർണ്ണമായ മാന്യത നൽകി അവരെ

ക്രിസ്തുവിന്റെ ദാസന്മാർ' എന്നു സംബോധന ചെയ്തു. തങ്ങൾ ചെയ്യുന്നതെന്തും, 'മനുഷ്യർക്കെന്ന വണ്ണമല്ല, കർത്താവിനെന്നവണ്ണം, ഹൃദയത്തിന്റെ ഏകാഗ്രതയോടെ ചെയ്യണം' എന്നു പ്രബോധിപ്പിച്ചു. എത്ര മാന്യത കുറഞ്ഞ പ്രവൃത്തി യാണു നീ ചെയ്യുന്നതെങ്കിലും, വീണ്ടും വീണ്ടും നിന്റെ ഹൃദയ ത്തിൽ ഇപ്രകാരം മന്ത്രിക്കുക, "കൃപാലുവായ കർത്താവേ, ഇതു നിനക്കു വേണ്ടിയാണ്, എല്ലാം നിന ക്കായി തന്നെ." എല്ലാം നിന്റെ പ്രിയ കർത്താവിനായി ചെയ്തുകൊണ്ടേ ഇരിക്കുക.

ലോകത്തിൽ അവിശ്വസ്തരായ അനേകം വേലക്കാരുണ്ട്. അവരെ ശാസിക്കുന്നപക്ഷം മറുപടി ഇപ്രകാ രമായിരിക്കും. 'എന്റെ കൂലി വളരെ തുച്ഛമാണ്,' 'എന്റെ യജമാനത്തിക്ക് എന്നെക്കുറിച്ച് ഒരു കരുതലുമില്ല,' 'ഒരടിമയെപ്പോലെ എന്നെ പരിഗണി ക്കുന്നു,' 'ഇവിടെ നിന്നും പോകാ നുള്ള ആദ്യത്തെ അവസരം പാർ ത്തു ഞാനിരിക്കുന്നു,' നിർത്തുക. നീയിപ്പോൾ ആയിരിക്കുന്നിടത്ത് ആർ നിന്നെ ആക്കി? കർത്താവിന് അതിൽ എന്തെങ്കിലും ലക്ഷ്യമോ പങ്കോ ഉണ്ടായിരുന്നോ? നിന്നെ അവൻ മറ്റൊരിടത്തേക്കു വിളിക്കുന്നു വെന്നുള്ള ഉറപ്പോടെയോ നീ ഇവിടം വിട്ടു മറ്റൊരിടം അന്വേഷിക്കുന്നത്? നിന്റെ സേവനത്തെക്കുറിച്ചു ഞാൻ ചോദിക്കട്ടെ. നീ എന്തിനാണ് സേവി ക്കുന്നത്? ഒരുത്തമ സേവന വ്യവ സ്ഥയ്ക്കോ? തീർത്തും അല്ല, കർ ത്താവിനായിത്തന്നെ. അങ്ങനെയെ ങ്കിൽ നിനക്കു നൽകാവുന്ന ഏറ്റവും ഉത്തമമായത് അവനു നൽകുക. നീ കയറിച്ചെല്ലുന്ന ഓരോ മുറിയും അവന്റെ ആലയത്തിലെ മുറിയാണ്.

നീ കയറിച്ചെല്ലുന്ന ഓരോ മുറിയും അവന്റെ ആലയത്തിലെ മുറിയാണ്. നീ സ്പർശിക്കുന്ന ഓരോ പാത്രവും അന്ത്യ അത്താഴത്തിന്റെ പാത്രത്തിനു തുല്യമാണ്. ആ വിലയേറിയ തൈലപാത്രം ഉടയ്ക്കുമ്പോൾ അവൻ എത്ര സശ്രദ്ധനായിരിക്കുന്നുവോ അവ്വണ്ണം തന്നെ നീ ചെയ്യുന്ന ഓരോ പ്രവൃത്തിയും അവൻ വീക്ഷിക്കുന്നു. നിന്റെ ജീവിതത്തിന്റെ ഓരോ അംശത്തിലും 'യേശുക്രിസ്തുവിന്റെ ഓർമ്മയ്ക്കായി അർപ്പിക്കപ്പെട്ടത്' എന്നു രേഖപ്പെടുത്തുക. ഇതു ജീവിതത്തിലാകമാനം ഒരു പുതിയ അർത്ഥം നൽകും.

നീ സ്പർശിക്കുന്ന ഓരോ പാത്രവും അന്ത്യ അത്താഴത്തിന്റെ പാത്ര ത്തിനു തുല്യമാണ്. ആ വിലയേറിയ തൈലപാത്രം ഉടയ്ക്കുമ്പോൾ അവൻ എത്ര സശ്രദ്ധനായിരിക്കു ന്നുവോ അവ്വണ്ണം തന്നെ നീ ചെയ്യുന്ന ഓരോ പ്രവൃത്തിയും അവൻ വീക്ഷിക്കുന്നു. നിന്റെ ജീവി തത്തിന്റെ ഓരോ അംശത്തിലും 'യേശുക്രിസ്തുവിന്റെ ഓർമ്മ യ്ക്കായി അർപ്പിക്കപ്പെട്ടത്' എന്നു രേഖപ്പെടുത്തുക. ഇതു ജീവിതത്തി ലാകമാനം ഒരു പുതിയ അർത്ഥം നൽകും. യേശു, കർത്താവും തലയു മെങ്കിൽ ജീവിതം ആസകലം ഏകീ ഭവിച്ചു ദൈവിക ലക്ഷ്യത്തിലെത്തി ച്ചേരും. ■

ദൈവം യോജിപ്പിച്ചത്

മോളിയും ജോൺ വെസ്‌ലിയും - 3

# വിവാഹം: വേണോ വേണ്ടയോ?



അജയ് ജോർജ്

**പതിനേഴാം** വയസ്സിൽ ജോൺ ഓക്സ്ഫഡ് സർവ്വകലാശാലയിൽ ചേർന്നു. വിവാഹത്തെക്കുറിച്ച് ആദ്യ ചിന്ത ഉണ്ടായത് അവിടെ വച്ചാണ്. അക്കാലത്ത് ഒരിക്കൽ ഡയറിയിൽ ഇങ്ങനെ കുറിച്ചു കാണുന്നു: 'ഒരു യുവതിയേയോ അവളുടെ സാന്നിദ്ധ്യമോ ദൈവത്തിലുപരിയായി ഞാൻ ഇഷ്ടപ്പെട്ടുപോയോ?' വർഷങ്ങളോളം അദ്ദേഹത്തെ അസ്വസ്ഥനാക്കിയ ഒരു ചിന്തയായിരുന്നു അത്. ആ ഡയറി അറുപതു കൊല്ലം അദ്ദേഹം സൂക്ഷിച്ചു വച്ചിരുന്നു എന്നറിയുമ്പോൾ ഊഹിക്കാമല്ലോ മനസ്സിലെ സംഘട്ടനത്തിന്റെ തീവ്രത. ജോണിന്റെ സുഹൃദ് വലയത്തിൽ അവിടെ നാലു ചെറുപ്പക്കാരികളാണുണ്ടായിരുന്നത്. അതിൽ ഓരോരുത്തരും അദ്ദേഹത്തിന് യോജിച്ചവരായിരുന്നു എന്നതാണു സത്യം.

ബെറ്റി കിർക്ഹാം എന്ന പെൺകുട്ടിയെപ്പറ്റി ജോൺ അമ്മയ്ക്കെഴുതുകപോലുമുണ്ടായി. 'വിശ്വാസത്തിനനുരൂപയായ സ്നേഹിത'യെന്നാണ് അമ്മയോട് പറഞ്ഞത്. എന്നാൽ ഡയറി വായിച്ചാലറിയാം അതിലും വലിയ ഒരു നിലയിലാണ് ജോൺ ബെറ്റിയെ കരുതിയിരുന്നതെന്ന്. വർഷങ്ങൾ കടന്നു പോയിട്ടും ജോണിന്റെ അടുപ്പം വിവാഹത്തിലേക്കു നീങ്ങുന്നില്ല എന്നു കണ്ടപ്പോൾ ബെറ്റി വേറൊരാളെ കണ്ടെത്തി കുടുംബജീവിതത്തിലേക്കു പ്രവേശിച്ചു. ബെറ്റിയെ വിവാഹം കഴിച്ചാലോയെന്നു ചിന്തിച്ചിരുന്നതായി ഡയറിയിൽ നിന്നും നമുക്കു മനസ്സിലാക്കാനാവും. പക്ഷേ അത് എന്തുകൊണ്ടോ ഫലവത്തായില്ല എന്നു മാത്രം. വിവാഹം നടന്നില്ലെങ്കിലും ബെറ്റിയുമായുള്ള സൗഹൃദം അദ്ദേഹം വർഷങ്ങളോളം തുടർന്നു. ഇതേ സമയം ജോൺ, നാൽവർ സംഘത്തിലെ വേറൊരാളെക്കുറിച്ചു ചിന്തിക്കാൻ തുടങ്ങിയിരുന്നു. മുന്നോട്ടു പോകണമെങ്കിൽ ഇനി വിവാഹം മാത്രം എന്നയിടത്ത് എത്തിയപ്പോൾ എന്തുകൊണ്ടോ ജോൺ പിന്നോട്ടു മാറി. അതോടെ അതു തീർന്നു. ഇങ്ങനെ വീണ്ടും ഒരിക്കൽ കൂടി സംഭവിച്ചു. ഈ മൂന്നു ആലോചനകളും ജോണിനെ വല്ലാതെ ഉലച്ചുകളഞ്ഞു എന്നു പറയേണ്ടതില്ലല്ലോ.

ജോണിനിപ്പോൾ 29 വയസ്സായി. ഓക്സ്ഫഡിൽ നിന്നും മാസ്റ്റർ

ബിരുദം നേടിയിട്ടുണ്ട്. അവിടെ ത്തന്നെ അദ്ധ്യാപക ജോലിയിലും പ്രവേശിച്ചിരിക്കുന്നു. കൂടാതെ അനിയൻ ചാൾസുമായിച്ചേർന്നു 'ഹോളി ക്ലബ്ബ്' എന്ന വിശുദ്ധ കൂട്ടായ്മയ്ക്കു രൂപം കൊടുക്കുകയും ചെയ്തിട്ടുണ്ട്. ആത്മീയ വർദ്ധനയ്ക്ക് വളരെ ചിട്ടയായ നടപടി ക്രമങ്ങൾ (മെത്തേഡുകൾ) ആവിഷ്ക്കരിച്ചതുകൊണ്ട് അവരെ 'മെത്തഡിസ്റ്റുകൾ' എന്ന് ആളുകൾ വിളിക്കാനും തുടങ്ങി.

ജോൺ എപ്വർത്തിലേക്ക് മടങ്ങി വന്ന് ഇടവകയിലെ തന്റെ ചുമുതലകളേറ്റെടുക്കുമെന്ന് എഴുപതു വയസ്സുള്ള പിതാവ് ആഗ്രഹിച്ചു. തന്റെ വിശുദ്ധ ജീവിത പ്രയാണത്തിന് ഓക്സ്ഫഡിൽത്തന്നെ നിൽക്കുന്നതാണ് നല്ലത് എന്നാണ് ജോണിന് തോന്നിയത്. തനിക്കുതന്നെ വിശുദ്ധനായിരിക്കാൻ സാധിക്കുന്ന ഇടത്തല്ലേ മറ്റുള്ളവരേയും അങ്ങനെയൊരു ജീവിതത്തിലേക്ക് ആകർഷിക്കാൻ പറ്റുകയുള്ളു. അതുകൊണ്ട് എപ്വർത്തിലേക്കില്ല എന്നു ജോൺ അപ്പനോടു പറഞ്ഞു. പ്രഫസറായിരിക്കാൻ സാധിക്കുമായിരുന്നിരിക്കെ സൗകര്യാർത്ഥം ഒരു ട്യൂട്ടറായിരുന്നുകൊണ്ട് ഓക്സ്ഫഡിൽ ജോൺ പ്രേഷിതപ്രവർത്തനം തുടർന്നുകൊണ്ടിരുന്നു. രക്ഷയുടെ വഴിയിൽ സഞ്ചരിക്കുന്നവരെ കണ്ടെത്തി ശിഷ്യരാക്കുക എന്നതായിരുന്നു പ്രധാന പരിപാടി. ഈ സമയത്താണ് പുതിയ രണ്ടു പ്രശ്നങ്ങൾ ഉദയം ചെയ്തത്. ഒന്ന്: തന്റെ തന്നെ രക്ഷയെ സംബന്ധിച്ച ഉറപ്പില്ലായ്മ. രണ്ട്: ആത്മീയത നടിച്ച് അടുത്തുകൂടുന്നവരോടുള്ള സമീപനം.

1735ൽ അമേരിക്കയിൽ ചാപ്ലിനായി ജോലി സ്വീകരിച്ചു പോകാനിടയായപ്പോൾ ഇത് കൂടുതലായി ബോധ്യമായി. ജോർജിയ എന്ന പുതിയ ഒരു കുടിയേറ്റ പ്രദേശത്തേക്കാണു പോയത്. പഴയ കുറ്റവാളികൾ, യഹൂദൻമാർ, ജർമ്മനിയിൽ നിന്നും നാടു കടത്തപ്പെട്ടവർ, കടത്തിൽ മുങ്ങി സ്വന്തം നാടു വിട്ടവർ തുടങ്ങിയവരായിരുന്നു അവിടുത്തെ ഭൂരിപക്ഷം ജനങ്ങളും. അവരുടെ ഇടയിലെ പ്രവർത്തനം എങ്ങനെയിരിക്കുമെന്ന് ഊഹിക്കാമല്ലോ. കൂട്ടത്തിൽ, ശിശുക്കളെപ്പോലെ നിഷ്കളങ്കരും സാധുക്കളും പഠിക്കാൻ സൻമനസ്സുള്ളവരുമെന്ന് വെസ്‌ലി തന്നെ സാക്ഷ്യപ്പെടുത്തിയ റെഡ് ഇന്ത്യക്കാരും ഉണ്ടായിരുന്നു. കുടിയേറ്റക്കാരുടേയും ആദിവാസികളുടേയും ഇടയിൽ പ്രവർത്തിക്കാമെന്നത് പുറമേയ്ക്കു പറയാൻ പറ്റുന്ന ഒരു ന്യായവാദമായിരുന്നു. ജോണിനെ സംബന്ധിച്ചിടത്തോളം അമേരിക്കയിലേക്കുള്ള തന്റെ യാത്രയുടെ പ്രധാന ഉദ്ദേശ്യം വേറെയായിരുന്നു. അദ്ദേഹം ഇങ്ങനെയെഴുതുകയുണ്ടായി:

'എന്റെ തന്നെ ആത്മാവിനെ രക്ഷിക്കുക എന്നതാണ് ഏറ്റവും മുഖ്യം. മറ്റുള്ളതെല്ലാം രണ്ടാമതായിരിക്കുന്നു.' തന്റെ മാത്രം രക്ഷ എന്ന സ്വാർത്ഥതയല്ല ജോൺ ഇതുകൊണ്ടുദ്ദേശിച്ചത് എന്നോർക്കണം. തന്റെ ഉള്ളിലെ പോരാട്ടം ചെറിയ വാക്കുകളിൽ സത്യസന്ധമായി പ്രതിഫലിപ്പിക്കാൻ ശ്രമിച്ചു എന്നേയുള്ളു. ജോർജിയയിൽ ചെന്നാൽ ജഡത്തിന്റെ മോഹങ്ങൾ തന്നെ പ്രലോഭിപ്പിക്കുകയില്ലെന്നാണ് ജോൺ വിചാരിച്ചത്.

പരീക്ഷണം അങ്ങോട്ടുള്ള യാത്രയിൽത്തന്നെ തുടങ്ങി. 'ഓരോ മണിക്കൂറും അപകടസാദ്ധ്യതയുള്ളതാണ്' എന്നു കപ്പൽ യാത്രയ്ക്കിടെ ജോൺ ഡയറിയിൽ കുറിക്കുകയു

ണ്ടായി. കാറ്റും കോളും ഉണ്ടായാലോ എന്നോർത്തല്ല, കപ്പലിലുണ്ടായിരുന്ന പലരും ആത്മീയത നടിച്ചു അടുത്തു വരുന്നതിലുള്ള അപകടമാണ് താൻ ഉദ്ദേശിച്ചത്. 'ജഡത്തിൽ ആരെയും അറിയാതിരിക്കുന്നതിന്' പ്രാർത്ഥന എത്ര അധികമായി വേണ്ടിയിരിക്കുന്നു എന്നു തോന്നിയ ദിനങ്ങൾ. ഇത്തരം പോരാട്ടങ്ങൾ തുടരവെ ഒരു ദിവസം യഥാർത്ഥ കൊടുങ്കാറ്റ് ഉണ്ടാവുക തന്നെ ചെയ്തു. കപ്പൽ ഇളകി മറിഞ്ഞു. മരണത്തെ മുഖാമുഖം കണ്ട ആ സമയത്ത് ഒരു കാര്യം ജോണിന്റെ ശ്രദ്ധയിൽപ്പെട്ടു. മിക്കയാളുകളും അലമുറയിട്ട് കരയുകയോ അല്ലെങ്കിൽ എന്തു സംഭവിക്കുമെന്നറിയാതെ ആകുലപ്പെടുകയോ ചെയ്തപ്പോൾ കപ്പലിൽ യാത്രക്കാരായുണ്ടായിരുന്ന മൊറെവിയൻ മിഷനറിമാർ മാത്രം ഒരു കുലുക്കവുമില്ലാതെ ഇരിക്കുന്നു! എന്തുകൊണ്ടാണ് നിങ്ങൾ മാത്രം ഇങ്ങനെ എന്നു ജോൺ അവരോടു ചോദിക്കുക പോലുമുണ്ടായി. മറുപടിയായി അവർ കുറെ ചോദ്യങ്ങൾ ഇങ്ങോട്ടു ചോദിക്കുകയായിരുന്നു. 'നിനക്കു കർത്താവായ യേശുവിനെ യഥാർത്ഥമായി അറിയാമോ? നീ ഒരു ദൈവപൈതലാണെന്ന ബോദ്ധ്യമുണ്ടോ? നീ രക്ഷ പ്രാപിച്ചവനാണോ?' ഈ ചോദ്യങ്ങൾ ജോണിനെ ഇരുത്തി ചിന്തിപ്പിക്കുക തന്നെ ചെയ്തു. താനൊരു പുരോഹിതനാണ്. അങ്ങനെയൊരാളുടെ മകനുമാണ്. പോരാത്തതിന് ഇപ്പോൾ മിഷനറിയായി അമേരിക്കയിലേക്ക്. എത്രയോ വർഷങ്ങളായി ഒരു വിശുദ്ധ ജീവിതം നയിക്കാനുള്ള കഠിന ശ്രമത്തിലുമാണ്. എന്നാൽ തനിക്കില്ലാത്ത എന്തോ ഒന്ന് ഈ മിഷനറിമാരിൽ കാണാനുണ്ട്. രക്ഷയെ സംബന്ധിച്ചും തന്റെ ജീവന്റെ കർത്താവിനെപ്പറ്റിയുമുള്ള അറിവിന്റെ അഭാവമല്ലേ കൊടുങ്കാറ്റടിച്ചപ്പോൾ തന്നെ ഭയപ്പെടുത്തിയത്? കുറെക്കഴിഞ്ഞു കാറ്റ് അടങ്ങി. നാളയെപ്പറ്റി വിചാരിച്ചവരുടെ ആധിയും മാറി.


കല്ലേറുകൊണ്ടു ശരീരം മരണവേദനയിലായപ്പോഴും സ്തേഫാനോസിന്റെ മുഖത്തു കാണാറായ ദൈവിക തേജസ്സും തന്റെ ഘാതകരോടു ക്ഷമിക്കണേ എന്ന പ്രാർത്ഥനയും കല്ലെറിഞ്ഞുകൊണ്ടിരുന്നവർ അത്ര കാര്യമാക്കിയില്ലെങ്കിലും അവരുടെ വസ്ത്രം കാത്തുകൊണ്ടിരുന്ന ആളിന് മറക്കാനാവാത്ത അനുഭവമായിരുന്നു. തീ കൊരിയിട്ടതുപോലെ അത് മനസ്സിൽ കിടന്നു. അയാളുടെ സ്ഥാനത്തു താനായിരുന്നെങ്കിൽ ഇത്തരം ഒരു പെരുമാറ്റം തന്നിൽ നിന്നും ഉണ്ടാകുമായിരുന്നോ എന്ന ചിന്ത. പഠിച്ചു പഠിച്ച് കിട്ടാവുന്ന ഡിഗ്രികളൊക്കെ വാരിക്കൂട്ടിയ ബുദ്ധിശാലിയായ തനിക്കില്ലാത്ത എന്തോ ഒന്ന് പക്ഷേ സാധാരണക്കാരനായ ഇയാൾക്കുണ്ടെന്നത് തീർച്ച. ജാതികളുടെ അപ്പൊസ്തലന്റെ യഥാർത്ഥ പഠനം ഇവിടെ തുടങ്ങുന്നു. ഇതേപോലെ, സാഹചര്യങ്ങളോടു മൊറേവിയൻ മിഷനറിമാർ പെരുമാറിയ സവിശേഷതയിലൂടെയാണ് ദൈവം ജോണിനോട് ഇടപെട്ടത്. തന്റെ മനസ്സിൽ ആ സംഭവം മായാത്ത സ്വാധീനമായി നിലനിന്നു. കപ്പലിലെ മറ്റു യാത്രക്കാർക്ക് അങ്ങനെയെന്തെങ്കിലും തോന്നിയോ? നമുക്കറിവില്ല. ദൈവം ഏതെല്ലാം രീതിയിൽ തന്റെ മക്കളെ ഒരുക്കുന്നു. അവർ പോലുമറിയാതെ!

അമേരിക്കയിൽ എത്തിയിട്ടും കാര്യങ്ങൾക്കു വലിയ പുരോഗതിയൊന്നുമുണ്ടായില്ല. രാവിലെ നാലു

മണിക്ക് എഴുന്നേൽക്കുകയും അഞ്ചു മണിയോടെ ആരാധന തുടങ്ങുകയും ഒക്കെ പതിവായിരുന്നെങ്കിലും കുടിയേറ്റക്കാരിൽ സ്വാധീനമുണ്ടാക്കുവാനോ ആദിവാസി ഇന്ത്യക്കാർക്കിടയിൽ ക്രിസ്തുവിനെ പരിചയപ്പെടുത്താനോ ഒന്നും കഴിഞ്ഞില്ല എന്നു വേണം പറയാൻ. എന്നാൽ, സാവന്നയിലെ മജിസ്ട്രേറ്റിന്റെ അടുത്ത ബന്ധുവായ പതിനെട്ടുകാരി സോഫിയുടെ ഒരു ആലോചന വന്നു. ജോണിനു മുപ്പത്തിമൂന്നു വയസ്സായിരുന്നു. ഒരു യുവതിയിൽ താനെന്തെല്ലാം ആഗ്രഹിച്ചുവോ അതെല്ലാം തികഞ്ഞ ആളായിരുന്നു സോഫി. പ്രസംഗങ്ങളും മറ്റും വായിച്ചുകൊടുത്താൽ സശ്രദ്ധം കേട്ടിരിക്കും. കടുകട്ടിയായ ഫ്രഞ്ചു വ്യാകരണം ജോൺ പഠിപ്പിക്കാൻ തുടങ്ങിയപ്പോൾ പെട്ടെന്ന് തന്നെ അതു പഠിച്ചെടുത്ത മിടുക്കിയാണ്. പണ്ഡിതനായ ജോണിന് പിന്നെയെങ്ങനെ ഇഷ്ടപ്പെടാതിരിക്കും? വിവാഹത്തിനു സോഫിയും തയ്യാറായിരുന്നു. കാരണം മജിസ്ട്രേറ്റിന്റെയും ഭാര്യയുടെയും കൂടെയുള്ള താമസം സോഫിക്ക് അത്ര സുഖകരമായിരുന്നില്ല.

എന്നാൽ എങ്ങനെ മുന്നോട്ടു പോകണമെന്ന് ജോണിനും അറിയില്ലായിരുന്നു. ഇടവകക്കാരെല്ലാം ജോൺ ആ പെൺകുട്ടിയെ വിവാഹം കഴിക്കണമെന്ന് ആഗ്രഹിച്ചിരുന്ന ആ സമയത്തു പണ്ടത്തെപ്പോലെ അദ്ദേഹം പിന്തിരിഞ്ഞു കളഞ്ഞു. “സോഫി, തീക്കനൽ നെഞ്ചിലേക്ക് അടുപ്പിച്ചാൽ പൊള്ളുക തന്നെ ചെയ്യും. എനിക്കതിന് ഇപ്പോൾ സാധിക്കുമെന്നു തോന്നുന്നില്ല. ദൈവത്തിന്റെ നടത്തിപ്പിനായി ഞാൻ കാത്തിരിക്കുകയാണ്” ഇങ്ങനെ പറഞ്ഞ് സോഫിയിൽ നിന്നും അകലാൻ ശ്രമിച്ചെങ്കിലും പ്രശ്നം പരിഹരിക്കപ്പെട്ടില്ല. വിവാഹം കഴിക്കണമോ അതോ വേണ്ടയോ എന്നതിനു ദൈവത്തിന്റെ മറുപടി എന്തെന്നു ചിന്തിച്ചു വിഷമിച്ചു. ചീട്ടിട്ടു നോക്കാമെന്ന് അവസാനം തോന്നി. ഒരു കടലാസു കഷണത്തിൽ ‘വിവാഹം കഴിക്കുക’ എന്നും വേറൊന്നിൽ ‘ഈ വർഷം വേണ്ട’ എന്നും മറ്റൊന്നിൽ ‘ഇനി ഇക്കാര്യം ചിന്തിക്കുകയേ വേണ്ട’ എന്നും എഴുതി ചുരുട്ടി ഒരു പാട്ടയിലിട്ടു കുലുക്കി. ദൈവത്തിൽ നിന്നും സോഫിയുടെ കാര്യത്തിൽ തനിക്കുള്ള നിർദ്ദേശം ഇതിലൊന്നായിരിക്കുമെന്ന് വിശ്വസിച്ചുകൊണ്ട് ചുരുട്ടിയിട്ട കടലാസുകളിലൊന്നെടുത്തു. മൂന്നാമതെഴുതിയ കടലാസാണ് കയ്യിൽ കിട്ടിയത്!

സോഫിയുമായുള്ള ബന്ധം വേദനയോടെ അങ്ങനെ അവസാനിപ്പിച്ചു. ആ വർഷം തന്നെ ജോൺ ഇംഗ്ലണ്ടിലേക്കു മടങ്ങുകയും ചെയ്തു. സോഫിയെ പിരിഞ്ഞത് ഏതോ ആപത്തിൽ നിന്നും രക്ഷപ്പെട്ടതു പോലെ കാണാൻ ശ്രമിച്ചു. കുഞ്ഞായിരുന്നപ്പോൾ തീയിൽ നിന്നും ദൈവം തന്നെ രക്ഷിച്ചത് ഇതിനൊന്നും വേണ്ടിയായിരുന്നില്ലല്ലോ എന്നു ചിന്തിച്ചു സമാധാനപ്പെടുകയും ചെയ്തു. രണ്ടു വർഷം നീണ്ടു നിന്ന അമേരിക്കൻ പ്രവർത്തനത്തെ താങ്കൾ എങ്ങനെ വിലയിരുത്തുന്നു എന്നു ചോദിച്ചയാളോട് ‘സമ്പൂർണ്ണ പരാജയം’ എന്ന മറുപടി കൊടുക്കാനുള്ള താഴ്മ അദ്ദേഹത്തിൽ അപ്പോഴും അവശേഷിച്ചിരുന്നു. അതു തന്നെയായിരിക്കാം ആ യാത്ര കൊണ്ടുണ്ടായ നേട്ടവും. *(തുടരും)*



ബൈബിളിലൂടെ...
# 2 കൊരിന്ത്യർ

## ദൈവഭയത്തിൽ വിശുദ്ധിയെ തികയ്ക്കുക

**കൊരിന്ത്യർ** പൗലൊസിനോട് ഇടുങ്ങിയ ഹൃദയമുള്ളവരായിരുന്നുവെങ്കിലും പൗലൊസിന്റെ ഹൃദയം അവർക്കായി വിശാലമായി തുറന്നിരുന്നു (6:11). എല്ലാ ദൈവവേലക്കാരെ സംബന്ധിച്ചും വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണിത്. നമ്മോടു ഇടുങ്ങിയ ഹൃദയമുള്ളവരോടു നാം നമ്മുടെ ഹൃദയം വിശാലമായി തുറന്നിരിക്കണം എന്ന് എഡ്വേഡ് മർഹാമിന്റെ പദ്യം ഇങ്ങനെ പറയുന്നു.

"അവനൊരു വൃത്തം വരച്ചെന്നെ
പുറത്താക്കി
ദുരുപദേശകൻ, എതിർക്കുന്നവൻ
എന്നിങ്ങനെ പരിഹസിച്ചു



*അന്ധൻ അന്ധനെ നയിച്ചാൽ ഇരുവരും കുഴിയിൽ വീഴും (മത്താ. 15:14). നിങ്ങൾക്കു കുഴി ഒഴിവാക്കണമെങ്കിൽ അന്ധനായൊരു നേതാവിനെ അനുഗമിക്കരുത്.*

എന്നാൽ ജയിക്കുന്നതെങ്ങനെ
യെന്നു ഞാനും എന്റെ
സ്നേഹവും അറിഞ്ഞു.
ഞങ്ങളൊരു വൃത്തം വരച്ചവനെ
അതിനുള്ളിലാക്കി."

മറ്റുള്ളവർ നമ്മെ അവരുടെ വൃത്തത്തിൽ നിന്നും തള്ളിക്കളയുമ്പോൾ നാം കൂടുതൽ ജ്ഞാനത്തോടെ മറ്റൊരുവൃത്തം വരച്ച് അവരെ കൂടി ഉൾക്കൊള്ളണം. നിങ്ങളുടെ ഹൃദയം നിങ്ങളുടെ സഭയിൽ ഉള്ളവരോടും നിങ്ങളുടെ അഭിപ്രായങ്ങളുമായി എപ്പോഴും യോജിക്കുന്നവരോടും മാത്രമേ തുറന്നിരിക്കുന്നുള്ളുവെങ്കിൽ നിങ്ങൾക്കു ദൈവത്തെ സേവിക്കുവാൻ കഴിയുകയില്ല. എല്ലാ ദൈവജനത്തോടും നിങ്ങളുടെ ഹൃദയം തുറന്നിട്ടില്ലെങ്കിൽ നിങ്ങളുടെ ദൈവവേല വളരെ പരിമിതപ്പെട്ടിരിക്കും.

6:14ൽ അവിശ്വാസികളുമായി "ചേർച്ചയില്ലാത്ത പങ്കാളിത്തമരുത്" എന്നൊരു മുന്നറിയിപ്പു നമുക്കു നൽകുന്നുണ്ട്. കാളയേയും കഴുതയേയും കൂട്ടി ഉഴരുത് എന്നൊരു പ്രമാണം പഴയനിയമത്തിലുണ്ടായിരുന്നു. അവിശ്വാസികളുമായി വ്യാപാരത്തിൽ പങ്കാളികളാകരുത്. കാരണം നിങ്ങൾക്കു യോജിക്കാൻ പറ്റാത്ത അനീതിയും ചതിയും പ്രവർത്തിക്കുവാൻ അവർ ആഗ്രഹിക്കും. നിങ്ങളുടെ അതേ മൂല്യബോധമില്ലാത്തവരുമായി ക്രിസ്തീയ വേലയിലും ഒരുമിച്ച് പ്രവർത്തിക്കാൻ കഴിയുകയില്ല. നിങ്ങളുടെ മൂല്യബോധവും, ദർശനവും, അഗ്രഹങ്ങളും ഇല്ലാത്ത ഒരു അവിശ്വാസിയെ നിങ്ങൾ വിവാഹം ചെയ്താൽ അതു ചേർച്ചയില്ലാത്തതിനെ ഒരുമിച്ചു കെട്ടുന്നതുപോലെയാണ്. നീതിക്കും അനീതിക്കും തമ്മിൽ ഒരു പങ്കാളിത്തവുമില്ല. വെളിച്ചത്തിന് ഇരുളുമായി ഒരു കൂട്ടായ്മയുമില്ല.

അതിനാൽ അത്തരത്തിലുള്ള എല്ലാ ബന്ധങ്ങളിൽ നിന്നും വിട്ടുനിൽക്കാനാണ് നമുക്കുള്ള കല്പന. "അവരുടെ നടുവിൽ നിന്നു പുറപ്പെട്ടു വേർപെട്ടിരിക്കുവിൻ" (6:17). അവിശ്വാസികളുമായി നാം ഈ ലോകത്തിൽ ഇടപഴകുമ്പോൾ തന്നെ അവരുമായി ഒരു പങ്കാളിത്തത്തിലേക്കു വരുവാൻ കഴിയുകയില്ല.

ഇവിടെ ചിലതു തുറന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ചില പാരമ്പര്യ സഭകളിൽ ഉള്ള വിശ്വാസികൾക്ക് അവരുടെ നേതാക്കന്മാരും ബിഷപ്പുമാരും മാനസാന്തരപ്പെടാത്തവരാണെന്നറിയാം. പിന്നെന്തുകൊണ്ടാണ് അവർ ആ സഭയിൽ തന്നെ തുടരുന്നത്? ഒരു നേതാവ് വീണ്ടും ജനിച്ചില്ലായെങ്കിൽ വേദപുസ്തകം അയാളെ വിളിക്കുന്നത് പിശാചിന്റെ മകൻ എന്നാണ് (1 യോഹ. 3:10)– അയാളൊരു ആർച്ച് ബിഷപ്പാണെങ്കിൽകൂടി! പിശാചിന്റെ മകനായ നേതാവിനു കീഴടങ്ങിയിരിക്കുവാൻ നിങ്ങൾക്കെങ്ങനെ സാധിക്കും?

ലോകത്തിൽ രണ്ടു തരം ആളുകളാണുള്ളതെന്നു വേദപുസ്തകം പറയുന്നു. ദൈവമക്കളും പിശാചിന്റെ മക്കളും (1യൊഹ. 3:10). പല വിശ്വാസികളും ഇതു വിശ്വസിക്കുന്നില്ല. അതുകൊണ്ട് അവർ ഒത്തുതീർപ്പുകാരാകുന്നു. പണമുണ്ടാക്കണമെന്ന ഒറ്റ ആഗ്രഹമുള്ള ആളായിരിക്കും നിങ്ങളുടെ പാസ്റ്റർ എന്നതു നിങ്ങൾക്കറിയാം. എങ്കിലും ആ പാസ്റ്റർക്കു നിങ്ങൾ കീഴടങ്ങിയിരിക്കുന്നത് എന്തുകൊണ്ടാണ്?

യേശു പറഞ്ഞു "അന്ധൻ അന്ധനെ നയിച്ചാൽ ഇരുവരും കുഴിയിൽ വീഴും" (മത്താ. 15:14). നിങ്ങൾക്കു

**ചില പാരമ്പര്യ സഭകളിൽ ഉള്ള വിശ്വാസികൾക്ക് അവരുടെ നേതാക്കന്മാരും ബിഷപ്പുമാരും മാനസാന്തരപ്പെടാത്തവരാണെന്നറിയാം. പിന്നെന്തുകൊണ്ടാണ് അവർ ആ സഭയിൽ തന്നെ തുടരുന്നത്? ഒരു നേതാവ് വീണ്ടും ജനിച്ചില്ലായെങ്കിൽ വേദപുസ്തകം അയാളെ വിളിക്കുന്നത് പിശാചിന്റെ മകൻ എന്നാണ് (1 യോഹ. 3:10)- അയാളൊരു ആർച്ച് ബിഷപ്പാണെങ്കിൽകൂടി! പിശാചിന്റെ മകനായ നേതാവിനു കീഴടങ്ങിയിരിക്കുവാൻ നിങ്ങൾക്കെങ്ങനെ സാധിക്കും?**

കുഴി ഒഴിവാക്കണമെങ്കിൽ അന്ധനായൊരു നേതാവിനെ അനുഗമിക്കരുത്. ദൈവം പറയുന്നു "അവിശ്വാസികളുമായി ചേർച്ചയില്ലാത്ത, പങ്കാളിത്തം അരുത്... അവരുടെ ഇടയിൽ നിന്നു പുറത്തു വന്നു വേർപെട്ടിരിക്കുവിൻ... അശുദ്ധമായതൊന്നും തൊടരുത്... ഞാൻ നിങ്ങൾക്കു പിതാവായിരിക്കും" ( 2 കൊരി. 6:14-18). ഈ കലപ്നകൾ പ്രമാണിച്ചാൽ ഒരു നാളും നിങ്ങൾക്കു ദുഃഖിക്കേണ്ടി വരികയില്ല.

2 കൊരിന്ത്യർ 7:1ൽ പൗലൊസ് തുടർന്നു ഇങ്ങനെ പറയുന്നു "ഈ വാഗ്ദാനങ്ങൾ നമുക്കുള്ളതിനാൽ ശരീരത്തേയും ആത്മാവിനെയും മലിനമാക്കുന്ന എല്ലാറ്റിൽ നിന്നും നമ്മെ ത്തന്നെ ശുദ്ധീകരിച്ച് ദൈവഭയത്തിൽ വിശുദ്ധിയുടെ പൂർണ്ണതയിലെത്തിച്ചേരാം" വിശുദ്ധിയുടെ പൂർണ്ണതയിൽ എത്തിച്ചേരണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ആത്മാവിലേയും ശരീരത്തിലേയും അശുദ്ധിയെ ഒരുപോലെ ശുദ്ധമാക്കേണ്ടതാണ്. പുറമേയുള്ള നമ്മുടെ ഇടപെടലുകൾ കൊണ്ടുള്ള അശുദ്ധിയുണ്ട്. അതുപോലെ നമ്മുടെ ചിന്തയിലും മനോഭാവത്തിലും വരുന്ന അകമെയുള്ള അശുദ്ധിയുമുണ്ട്. ദൈവത്തോട് നാം ശുദ്ധീകരണം ആവശ്യപ്പെടുവാൻ വിട്ടുപോകുന്ന മേഖലയാണിത്. തുടർച്ചയായി നടക്കേണ്ട ഒന്നാണ് ശുദ്ധീകരണം. അതു നാം മനുഷ്യരെ ഭയന്നല്ല ദൈവഭയത്തിൽ തന്നെ ചെയ്യണം. മറ്റൊരു തരത്തിൽ പറഞ്ഞാൽ മനുഷ്യരുടെ മുമ്പിൽ അല്ല ദൈവത്തിന്റെ മുമ്പിൽ ആയരിക്കണം നാം ശുദ്ധരാക്കപ്പെടേണ്ടത്. നമ്മുടെ ബന്ധുക്കളെയോ സഹോദരന്മാരെയോ അടക്കം ഒരു മനുഷ്യരേയും അല്ല പ്രീതിപ്പെടുത്തേണ്ടത്. ദൈവത്തെ മാത്രമാണ് പ്രീതിപ്പെടുത്തേണ്ടത്. അങ്ങനെ നമ്മുടെ വിശുദ്ധിയെ തികയ്ക്കാം.

7:2ൽ പൗലൊസ് പറയുന്നു "എന്റെ ഹൃദയത്തിൽ നിങ്ങൾക്കൊരു ഇടമുണ്ട്. നിങ്ങളുടെ ഹൃദയങ്ങളിൽ ഞങ്ങൾക്കും ഇടം നല്കുവിൻ. ഞങ്ങൾ ആരോടും അന്യായം പ്രവർത്തിച്ചിട്ടില്ല, ആരെയും ദുഷിപ്പിച്ചിട്ടില്ല. ആരേയും ചൂഷണം ചെയ്തിട്ടുമില്ല." എല്ലാ ദൈവദാസന്മാരുടേയും സാക്ഷ്യം ഇതായിരിക്കണം.

7:10,11ൽ പൗലൊസ് തന്റെ ആദ്യ ലേഖനത്തിൽ ചില കർശനമായ ശാസനകളെക്കുറിച്ചു പരാമർശിക്കുന്നു. പാപത്തിൽ ജീവിച്ചിരുന്ന ഒരു മനുഷ്യനെ സഭയിൽ നിന്നു പുറത്താക്കു

ഏതെങ്കിലും ഒരു വേദഭാഗമെടുത്ത് സ്വന്ത ഗുണത്തിനു വേണ്ടി തെറ്റായി വ്യാഖ്യാനിക്കുവാൻ വളരെ എളുപ്പമാണ്. നിങ്ങളുടെ സ്വന്ത ആവശ്യങ്ങൾക്കുവേണ്ടി ധാരാളം പണം ശേഖരിച്ചു വയ്ക്കുന്നതിനെ ഇങ്ങനെ പറഞ്ഞ് നിങ്ങൾക്കു ന്യായീകരിക്കാം. "ഞാൻ സമ്പന്നനാകേണ്ടതിനു യേശു ദരിദ്രനായിത്തീർന്നു." അങ്ങനെയാണു സമ്പന്നതയുടെ സുവിശേഷം പറയുന്ന ദുരുപദേശക്കൂട്ടങ്ങൾ എണ്ണത്തിൽ പെരുകുന്നത്.

വാൻ പൗലൊസ് ആവശ്യപ്പെട്ടിരുന്നു. കൊരിന്ത്യയിലെ സഭ ആ കത്ത് വളരെ ഗൗരവത്തോടെ കണ്ടു. ആ കത്തിനാൽ പൗലൊസ് അവർക്കു ദുഃഖം ഉണ്ടാക്കി (8-ാം വാക്യം). ചില അവസരങ്ങളിൽ ദൈവദാസന്മാർ ശക്തിയായി സംസാരിക്കുമ്പോൾ നമുക്കു ദുഃഖം തോന്നും. എന്നാൽ അത്തരം ദുഃഖം അല്പകാലത്തേക്കു മാത്രമേയുള്ളൂ. ദൈവഹിത പ്രകാരമുള്ള ദുഃഖം രക്ഷയിലേക്കു നയിക്കുന്ന മാനസാന്തരം ഉളവാക്കുന്നു (വാ.10). യഥാർത്ഥ മാനസാന്തരം ദൈവത്തിനായുള്ള എരിവു വർദ്ധിപ്പിക്കുന്നു.

8,9 അദ്ധ്യായങ്ങളിൽ യെരുശലേമിലുള്ള ദരിദ്രരായ വിശുദ്ധന്മാർക്കു വേണ്ടി പണം ശേഖരിക്കുവാൻ കൊരിന്ത്യർക്കു എഴുതുന്നു. ഇവിടെ ശ്രദ്ധിക്കുക. പണം ശേഖരിക്കുവാൻ അദ്ദേഹം പറഞ്ഞത് തന്റെ ശുശ്രൂഷകൾക്കു വേണ്ടിയായിരുന്നില്ല. പൗലൊസും ജനങ്ങളോട് പണം ആവശ്യപ്പെട്ട് എഴുതിയിരുന്നു എന്നു കാണിക്കുവാൻ ചിലർ ഈ വേദഭാഗം ഉപയോഗിക്കാറുണ്ട്. എന്നാൽ പൗലൊസ് ഒരിക്കലും തന്റെ ശുശ്രൂഷകൾക്കായി പണം ആവശ്യപ്പെട്ടില്ല. ആ പണത്തിൽ ഒരു അംശം പോലും അദ്ദേഹം എടുത്തില്ല. നമ്മുടെ സ്വന്ത ആവശ്യത്തിന് അല്പംപോലും എടുക്കാതെ ദരിദ്രരായ വിശ്വാസികളെ സഹായിക്കുന്നതിനു ധനികരായ വിശ്വാസികളോടു പണം ചോദിക്കുന്നതിൽ ഒരു തെറ്റുമില്ല. പൗലൊസ് അപ്പൊസ്തലന്റെ ഉദാഹരണം അതാണ്. തന്റെ സ്വന്തം ആവശ്യങ്ങൾക്കായി ഒരു രൂപ പോലും അദ്ദേഹം എടുത്തില്ല. തന്റെ എല്ലാ ആവശ്യങ്ങൾക്കും ദൈവത്തിൽ മാത്രം ആശ്രയിച്ചു. തന്റെ വ്യക്തിപരമായ ആവശ്യങ്ങൾക്കു പണം ആവശ്യമായി വന്നപ്പോൾ അദ്ദേഹം കൂടാരപ്പണി ചെയ്ത് പണം സമ്പാദിച്ചു. ചിലപ്പോൾ അദ്ദേഹം പട്ടിണി കിടന്നു. എങ്കിലും തന്റെ നിലവാരം അദ്ദേഹം താഴ്ത്തിയില്ല. ഈ പ്രപഞ്ചത്തെ മുഴുവൻ നിയന്ത്രിക്കുന്ന മഹാശക്തിയുടെ സ്ഥാനപതിയായിട്ടാണ് അദ്ദേഹം ജീവിച്ചത്. അദ്ദേഹത്തിനു വിശന്നപ്പോൾ ദൈവത്തോടല്ലാതെ ആരോടും അദ്ദേഹം പറഞ്ഞില്ല.

ദരിദ്രരായ വിശ്വാസികൾ എവിടെയാണ് ഉള്ളതെന്നു കാണുവാൻ തക്കവണ്ണം എല്ലാ ദൈവദാസന്മാരുടേയും കണ്ണ് തുറന്നിരിക്കണം. എന്നാൽ മാത്രമേ അവരെ സഹായിക്കുവാൻ ധനികരായ വിശ്വാസികളോട് സഹായം അഭ്യർത്ഥിക്കുവാൻ സാധിക്കുക

യുള്ളു. പുതിയ നിയമത്തിൽ യേശുവോ ഏതെങ്കിലും അപ്പൊസ്തലന്മാരോ തങ്ങളുടെ ശുശ്രൂഷയ്ക്കുവേണ്ടി പണം ശേഖരിച്ചതായി നാം വായിക്കുന്നില്ല. തങ്ങളുടെ വ്യക്തിപരമായ ആവശ്യങ്ങളും ശുശ്രൂഷയുടെ ആവശ്യങ്ങളും അവർ ദൈവത്തോടു മാത്രമാണ് പറഞ്ഞത്. എന്നാൽ ദരിദ്രരെ സഹായിക്കുവാൻ വിശ്വാസികളോട് ആവശ്യപ്പെടുകയും ചെയ്തു.

പൗലൊസ് പിന്നീട് യേശുവിന്റെ ഉദാഹരണവും നൽകുന്നു. "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങൾ അറിയുന്നുവല്ലോ, അവിടുന്നു സമ്പന്നൻ ആയിരുന്നിട്ടും നിങ്ങൾക്കു വേണ്ടി ദരിദ്രനായിത്തീർന്നു. അവിടുത്തെ ദാരിദ്ര്യത്തിലൂടെ നിങ്ങൾ സമ്പന്നരായിത്തീരേണ്ടതിനു തന്നെ" (7:8,9).

നമ്മുടെ കർത്താവിനു സ്വർഗ്ഗത്തിൽ എല്ലാമുണ്ടായിരുന്നു. അവിടുന്ന് ഈ ഭൂമിയിലേക്കു ഒരു ദരിദ്രനായി വന്നു. അവിടുന്നു ക്രൂശിന്മേൽ തൂക്കപ്പെട്ടു. എല്ലാം വിട്ടുകളഞ്ഞു. അങ്ങനെ നാം സമ്പന്നരായി തീരേണ്ടതിനു തന്നെ. ചിലർ ഈ വാക്യത്തെ വ്യാഖ്യാനിക്കുന്നതുപോലെ നാം എല്ലാവരും സമ്പന്നരാകുമെന്നാണോ പൗലൊസ് ഇവിടെ പറയുന്നത്. ഒരിക്കലുമല്ല. ഒന്നാമതായി അദ്ദേഹം പറയുന്നത് യേശു നമുക്കുവേണ്ടി ചെയ്ത പ്രവൃത്തിയിലൂടെ നാം എങ്ങനെ ആത്മീയമായി സമ്പന്നരായി എന്നതാണ്. രണ്ടാമതായി പൗലൊസ് നാം ക്രിസ്തുവിന്റെ മാതൃക അനുകരിക്കണമെന്ന് ആവശ്യപ്പെടുന്നു. "യേശുവിന്റെ മാതൃക നോക്കുക, അവിടുന്നു മറ്റുള്ളവർക്കു വേണ്ടി എല്ലാം ത്യജിച്ചു. നിങ്ങൾ അവിടുത്തെ ശിഷ്യന്മാരാണെങ്കിൽ ആ കാൽപ്പാടുകൾ പിന്തുടരേണ്ടവരാണ്. നിങ്ങൾ ധനികനാണെങ്കിൽ ദരിദ്രരായ സഹവിശ്വാസികളെ സഹായിക്കണം." ഈ അദ്ധ്യായത്തിന്റെ വിഷയം മുഴുവൻ അതാണ്. എന്നാൽ പണസ്നേഹികളായ പല പ്രസംഗകരും ഈ വാക്യത്തെ തെറ്റായി വ്യാഖ്യാനിച്ച് അവരെപോലെ പണസ്നേഹികളായ വിശ്വാസികളെ സമ്പത്തിന്റെ പുറകെ പോകുവാൻ പ്രോത്സാഹിപ്പിക്കുന്നു.

ഏതെങ്കിലും ഒരു വേദഭാഗമെടുത്ത് സ്വന്ത ഗുണത്തിനു വേണ്ടി തെറ്റായി വ്യാഖ്യാനിക്കുവാൻ വളരെ എളുപ്പമാണ്. നിങ്ങളുടെ സ്വന്ത ആവശ്യങ്ങൾക്കുവേണ്ടി ധാരാളം പണം ശേഖരിച്ചു വയ്ക്കുന്നതിനെ ഇങ്ങനെ പറഞ്ഞ് നിങ്ങൾക്കു ന്യായീകരിക്കാം. "ഞാൻ സമ്പന്നനാകേണ്ടതിനു യേശു ദരിദ്രനായിത്തീർന്നു." അങ്ങനെയാണു സമ്പന്നതയുടെ സുവിശേഷം പറയുന്ന ദുരുപദേശക്കൂട്ടങ്ങൾ എണ്ണത്തിൽ പെരുകുന്നത്.

*(തുടരും)*

(മൊഴിമാറ്റം : **സാജു ജോസഫ്**)

## ആകുലചിന്ത

ദൈവത്തിനുവേണ്ടി എല്ലാം നാം അർപ്പിച്ചിട്ടില്ല എന്നതിന്റെ തെളിവാണ് ആകുലചിന്ത. എവിടെയോ സ്വാർത്ഥത അവിശേഷിക്കുന്നു എന്നതിന്റെ സൂചനയാണ് അത്. ദൈവകൃപകൊണ്ടു മാത്രമേ ഈ സ്വാർത്ഥതയിൽ നിന്നു വിടുതൽ നേടുവാൻ ഒരുവനു സാധ്യമാകൂ.

***– ചാൾസ് ഫിന്നി***

അദ്ധ്യായം 18

# മനസ്സുകൊണ്ട് ഒരു മടക്കയാത്ര

ആനി പുന്നൻ

**പിന്നിട്ട** ജീവിതത്തിലേക്കു തിരിഞ്ഞു നോക്കുമ്പോഴൊക്കെ എന്റെ കർത്താവും വീണ്ടെടുപ്പുകാരനുമായ രക്ഷകനോടുള്ള കൃതജ്ഞത എന്റെ ഉള്ളിൽ തിങ്ങിവിങ്ങും. അവിടുന്ന് എനിക്കു വേണ്ടി എന്തെല്ലാമാണു ചെയ്തത്!

ഒരിക്കൽ ഞാൻ അരക്ഷിതബോധത്തിന്റെ തടവറയിൽ കിടന്ന നിസ്സഹായയായ ഒരു പെൺകുട്ടിയായിരുന്നു. ഇന്നോ? ദൈവമകൾ. ഭൂമിയിലെ കാര്യങ്ങൾ സംബന്ധിച്ചും സ്വർഗ്ഗത്തിലെ നിത്യത സംബന്ധിച്ചും തികഞ്ഞ സുരക്ഷിതത്വബോധം ഉള്ള ഒരു പൂർണ വ്യക്തിത്വം.

കഴിഞ്ഞ ചില മാസങ്ങളായി ഞാൻ പ്രകാശിനോടും മാതാപിതാക്കളോടുമൊപ്പം കഴിയുകയാണ്. ഈ ജീവിതം എന്നെ ഒട്ടേറെ കാര്യങ്ങൾ പഠിപ്പിച്ചു. ഞാൻ നേരത്തെ പറഞ്ഞിട്ടുള്ളതുപോലെ ബാല്യത്തിൽ ഒരു സന്തുഷ്ട കുടുംബാന്തരീക്ഷം ഒരിക്കലും എനിക്കുണ്ടായിട്ടില്ല. ഇപ്പോഴാകട്ടെ സന്തുഷ്ടമായ ഒരു കുടുംബത്തിൽ ജീവിക്കുന്നത് ഒരു ഹോസ്റ്റൽ ജീവിതത്തെക്കാൾ എത്രയോ മെച്ചമാണെന്ന് എനിക്കു കാണുവാൻ കഴിഞ്ഞു!

വീട്ടിൽ താമസിക്കുമ്പോൾ ഒരുവൾ നൽകാനും സ്വീകരിക്കാനും പഠിക്കേണ്ടതുണ്ട്. വീട്ടിൽ എല്ലാവരും അടുത്തു പെരുമാറുമ്പോൾ സ്വകാര്യത പലപ്പോഴും ഭഞ്ജിക്കപ്പെടും. ഇതുമൂലം അലോസരപ്പെടാനുള്ള സാധ്യത ഏറെയാണ്. വീണ്ടും വീണ്ടും ക്ഷമിക്കുവാനും ക്ഷമ ചോദിക്കുവാനും ഞാൻ പഠിച്ചു. എന്നെക്കാൾ പ്രായം കൂടിയവരെ ശരിയായ ഹിന്ദിയിൽ എങ്ങനെ ബഹുമാനപൂർവ്വം സംബോധന ചെയ്യണമെന്നും ഞാൻ പഠിച്ചു.

എനിക്കുള്ളതെല്ലാം വീട്ടിലുള്ള മറ്റുള്ളവരുമായി പങ്കിടുവാനും ക്രമേണ ഞാൻ അഭ്യസിച്ചു. ഓർക്കാപ്പുറത്തായിരിക്കും പ്രകാശ് ഒരതിഥിയെ വീട്ടിൽ വിളിച്ചുകൊണ്ടു വരുന്നത്. അപ്പോൾ മാന്യ അതിഥിയുടെ മുന്നിൽ വയ്ക്കാനായി എന്റെ ഭക്ഷണം എങ്ങനെ നഷ്ടപ്പെടുത്തണമെന്നും ഞാൻ പഠിച്ചു.

ഞാൻ ഉണ്ടാക്കുന്ന കറികളുടെ, പ്രത്യേകിച്ചു സ്വാദിഷ്ഠമായ കറികളുടെ, തുല്യ പങ്ക് എല്ലാവർക്കും കിട്ടണമെന്ന് എനിക്കു നിർബന്ധം ഉണ്ടായിരുന്നു. ഞാൻ എനിക്കായി അതിൽ നിന്നു കൂടുതലൊന്നും എടുക്കുമായിരുന്നില്ല. എന്നാൽ പ്രകാശിന് ഇഷ്ടമുള്ള കറികൾ ഉണ്ടാക്കുമ്പോൾ

ഞാൻ അതൊന്നു രുചി നോക്കാൻ അദ്ദേഹത്തിന് നേരത്തെ തന്നെ അല്പം കൊടുക്കും - കാരണം പ്രകാശ് എപ്പോഴും എന്റെ പാചകത്തെക്കുറിച്ചു നല്ല വാക്കുകൾ പറയുമായിരുന്നു!!

മാതാപിതാക്കൾ രോഗികളാകുമ്പോൾ അവരെ ശുശ്രൂഷിച്ചു രാത്രി വൈകി ഇരിക്കാനും ഞാൻ പഠിച്ചു. എന്നിൽ നിന്നു വ്യത്യസ്തമായ ആളുകളോട് ഒത്തു ചേർന്നു പോകുവാനും ഞാൻ അഭ്യസിച്ചു.

ഇതിനെല്ലാറ്റിനെക്കാളും ഞാൻ പ്രകാശിനോടൊപ്പമുള്ള ജീവിതമാണ് ഇഷ്ടപ്പെട്ടത്. വീട്ടിൽ ഞങ്ങൾ മാത്രമായിരുന്നില്ലെങ്കിലും പ്രകാശിനോടൊപ്പം അവിടെ കഴിയുന്നതു മറ്റെവിടെ ആയിരിക്കുന്നതിലുമേറെ ഞാൻ ഇഷ്ടപ്പെട്ടു.

"എല്ലാം സ്നേഹത്തിൽ ചെയ്യുക" - അതാണു ഞാൻ പഠിച്ച സുപ്രധാന പാഠം. അങ്ങനെ ചെയ്താൽ അഥവാ തെറ്റുകൾ വന്നാൽപോലും ദൈവത്തിന്റെ ദൃഷ്ടിയിൽ വലിയ പ്രശ്നമല്ല!.

പ്രകാശിനെ ബഹുമാനിക്കാൻ ഞാൻ പഠിച്ചു. പ്രകാശ് വളരെ കഠിനാധ്വാനിയായിരുന്നു. അദ്ദേഹം കർത്താവിനെ അകമഴിഞ്ഞു സ്നേഹിച്ചു; എന്നേയും. ഞാനും പ്രകാശും അങ്ങേയറ്റം സന്തുഷ്ടരായിരുന്നു. ഞങ്ങൾ ഇരുവരും മാത്രമായി സന്ധ്യക്ക് നടക്കാനിറങ്ങും - അന്നത്തെ ദിവസത്തെ നുള്ളുനുറുങ്ങു വിശേഷങ്ങൾ പങ്കുവച്ചുകൊണ്ട്. ദിവസവും ഞാൻ ആ സന്ദർഭത്തിനായി ആകാംക്ഷയോടെ കാത്തിരിക്കുമായിരുന്നു!

ചിലപ്പോൾ ഞങ്ങൾ തമ്മിൽ തർക്കങ്ങൾ ഉണ്ടാകും- വിവാഹിതരായ എല്ലാ ദമ്പതികളെയും പോലെ. പക്ഷേ അതിരു കടക്കാതിരിക്കാൻ ഞങ്ങൾ ഇരുവരും ശ്രദ്ധിച്ചു. ദൈവം എന്നെ പ്രകാശിന് 'തക്ക തുണ' യായി ഇരിക്കാനാണു വിളിച്ചിട്ടുള്ളതെന്ന് എനിക്കറിയാമായിരുന്നു. അല്ലാതെ അദ്ദേഹം പറയുന്ന എല്ലാറ്റിനും 'യേസ്' മൂളുന്ന ഒരു പാവയായിരുന്നാൽ അത് അദ്ദേഹത്തിനു സഹായകരമാകുകയില്ല. അതുകൊണ്ട് ഏതു കാര്യം സംബന്ധിച്ചും ഞാൻ എന്റെ അഭിപ്രായം അദ്ദേഹത്തോടു തുറന്നു പറയുമായിരുന്നു. അഭിപ്രായവും അതിലേക്ക് എന്നെ നയിച്ച കാരണങ്ങളും ഞാൻ പ്രകാശിന്റെ ശ്രദ്ധയിൽപെടുത്തും. അതിനപ്പുറത്തേക്കു ഞാൻ കടക്കുകയില്ല. ഞാൻ പറഞ്ഞ അഭിപ്രായം പരിഗണിച്ച് അന്തിമ തീരുമാനം എടുക്കുന്നതിനുള്ള അധികാരവും ഉത്തരവാദിത്തവും ഞാൻ പൂർണമായി പ്രകാശിനു വിട്ടുകൊടുക്കുമായിരുന്നു.

ഞാനും അദ്ദേഹവും തീർത്തും വ്യത്യസ്തരാണെന്നു ഞാൻ കണ്ടു. കൊച്ചു കാര്യങ്ങളൊക്കെ എന്നെ അലട്ടും. പക്ഷേ അവയൊന്നും അദ്ദേഹത്തിനൊരു പ്രശ്നമല്ല. ഇതിനു സത്യത്തിൽ ഒരേയൊരു കാരണമേയുള്ളു - ഞാൻ സ്ത്രീയും അദ്ദേഹം പുരുഷനുമാണ്!

ഞങ്ങൾ അന്യോന്യം കളിയാക്കുകയും ഒന്നിച്ചു ചിരിക്കുകയും ചെയ്യുമായിരുന്നു, മിക്കപ്പോഴും. *അന്യോന്യം മുറിപ്പെടുത്തുകയോ അപമാനിക്കുകയോ ചെയ്യാതെ* ഇങ്ങനെ അന്യോന്യം തമാശ പറയാൻ കഴിയുന്നത് ഞങ്ങൾ തമ്മിലുള്ള ബന്ധം ആരോഗ്യകരമാണെന്നാണു വ്യക്തമാക്കിയത്. ഞങ്ങളുടെ ജീവിതം മൊത്തത്തിൽ രസകരമായിരുന്നു.

ഒരു ദിവസം ഞാൻ ഇരുന്ന് എന്റെ പ്രത്യേക പ്രശ്നങ്ങൾ എന്തെല്ലാമാ

ണെന്ന് എഴുതി വച്ചു. അവയ്ക്ക് എങ്ങനെ പരിഹാരം കാണാമെന്നു കാണിച്ചു തരാൻ ദൈവത്തോട് അപേക്ഷിച്ചു. അവ ഓരോന്നായി ഇങ്ങനെയായിരുന്നു.

മിക്കപ്പോഴും ഞാൻ *ഏകാകിയും ഗൃഹാതുരതയുള്ളവളുമാണ്.* ആദ്യം വീടു വിട്ടതു മുതൽ ഞാൻ ഇങ്ങനെയായിരുന്നു. എന്റെ ജീവിതത്തിലെ ദൈനംദിന ജീവിതക്രമം എവിടെയെങ്കിലും താളം തെറ്റിയാൽ പൊടുന്നനെ ഒറ്റപ്പെടലിന്റെയും ഗൃഹാതുരതയുടെയും തോന്നൽ മനസ്സിൽ വരികയായി. പക്ഷേ ക്രമേണ ദൈവത്തെ എന്റെ പിതാവും മാതാവും സ്നേഹിതനുമായി കൂടുതൽ കൂടുതൽ അറിയാൻ കഴിഞ്ഞതോടെ ഞാൻ എന്റെ തോന്നലുകളും വികാരങ്ങളും അവിടുത്തെ മുമ്പിൽ കെട്ടഴിച്ചു വയ്ക്കും. സഹായത്തിനായി അപേക്ഷിക്കും. ഇങ്ങനെ എന്റെ ഏകാന്തതാ ബോധത്തെ കീഴടക്കാൻ ഞാൻ പഠിച്ചു.

സ്വാഭാവികമായി ഞാൻ വളരെ *പേടിയുള്ളവളായിരുന്നു.* എനിക്ക് ഇരുട്ടിനെ, ആളുകളെ, ഭാവിയെ എന്നു വേണ്ട പലതിനെയും ഭയമായിരുന്നു. മരണത്തെപ്പോലും ഞാൻ ഭയന്നു - മരണകരമായ രോഗമുള്ളവരെ നഴ്സെന്ന നിലയിൽ ശുശ്രൂഷിക്കേണ്ടി വന്നപ്പോൾ പ്രത്യേകിച്ചും.

എന്നാൽ ഒരു ദിവസം, 'ഭയപ്പെടേണ്ട' എന്ന വാക്ക് ദൈവം എത്രവട്ടം പറഞ്ഞിട്ടുണ്ടെന്നു ഞാൻ കണ്ടെത്തി. തനിക്കു പ്രിയപ്പെട്ട ആളുകളോടു യഹോവ പഴയ നിയമത്തിലും യേശു പുതിയ നിയമത്തിൽ തന്റെ ശിഷ്യന്മാരോടും മിക്കപ്പോഴും പറഞ്ഞ വാക്ക് 'ഭയപ്പെടേണ്ട' എന്നായിരുന്നു! അത് ഒരേസമയം ഒരു കല്പനയായും സ്നേഹവാനായ പിതാവോ സ്നേഹിതനോ പറയുന്ന ആശ്വാസ വാക്കായും എനിക്കനുഭപ്പെട്ടു. ഞാനതു പേർത്തും പേർത്തും എന്നോടു തന്നെ പറഞ്ഞുകൊണ്ടിരുന്നു. അങ്ങനെ ഭയം വരുന്ന ഉടനെയോ, അല്ലെങ്കിൽ ഞാൻ അതുമായി അല്പസമയം മല്ലുപിടിച്ച ശേഷമോ, കർത്താവ് ഭയത്തെ എന്നിൽ നിന്നു പുറത്താക്കുവാൻ തുടങ്ങി.

*അകാരണമായി കരയുന്ന* ഒരു ദുഃസ്വഭാവവും എനിക്കുണ്ടായിരുന്നു. ഒരു കാരണവും വേണ്ട, അല്ലെങ്കിൽ എന്തെങ്കിലും കൊച്ചുകാരണം മതി, ഞാൻ കരയാൻ തുടങ്ങും. സ്വയസഹതാപത്തിന്റെ പരിണത ഫലമാണിതെന്നു ഞാൻ ഇപ്പോൾ മനസ്സിലാക്കുന്നുണ്ട്. അവിടുന്ന് എന്റെ ഓരോ തുള്ളി കണ്ണുനീരും തുടച്ചു നീക്കാമെന്നു കർത്താവ് എനിക്ക് ഉറപ്പു നൽകി. സ്കൂൾ കുട്ടിയായിരുന്നപ്പോൾ ഹോസ്റ്റലിൽ നിന്നു പഠിച്ച ഒരു പാട്ടിന്റെ രണ്ടു വരികൾ ഞാൻ മിക്കപ്പോഴും ഇതിനോടുള്ള ബന്ധത്തിൽ ഓർക്കുമായിരിന്നു. ആ വരികൾ ഇങ്ങനെ:

"സ്വദുഃഖങ്ങൾക്കില്ല കണ്ണീർ
രക്തം വിയർത്തെനിക്കായ്"

യേശുവിന്റെ കാര്യമാണ്. അവിടുത്തേക്കു സ്വന്തം കാര്യത്തെപ്രതി ഒരു തുള്ളി കണ്ണുനീർ ഉണ്ടായിരുന്നില്ലത്രേ! എന്നാൽ മറ്റുള്ളവർക്കായി രക്തം പോലും വിയർപ്പാക്കി ഒഴുക്കി!!

ചില വർഷങ്ങൾ കൊണ്ട് അവിടുന്ന് എന്നെയും വെറുതെ കരയുന്ന സ്വഭാവത്തിൽ നിന്നു വിടുവിച്ചു. പകരം മറ്റുള്ളവരുടെ ദുഃഖങ്ങളെക്കുറിച്ചു പരിഗണനയുള്ളവളാകാൻ അവിടുന്ന് എന്നെ പഠിപ്പിച്ചു!

(*തുടരും*)

(മൊഴിമാറ്റം : **സാന്ദ്ര**)

ഇത്തിരിവെട്ടം

# വിശ്വസ്ത ഗൃഹവിചാരകൻ

**ദൈവത്തിന്റെ** കരങ്ങളിൽ മഹനീയമായി ഉപയോഗിക്കപ്പെട്ട ഒരു മാനപാത്രമായിരുന്നു പൗലൊസ്. ദൈവത്തിന്റെ കൂട്ടുവേലയിൽ ഇത്രമാത്രം ഉപയോഗിക്കപ്പെടുവാനും, തന്റെ കാര്യവിചാരകത്വത്തിൽ ഇത്രയധികം ഭരമേല്പിക്കപ്പെടുവാനും ഇടയായത്, തക്കതും യുക്തവുമായ കാരണം കൂടാതെയല്ല. ജീവിതകാലത്തും, അതിനുശേഷവും എത്രയനവധി ആത്മാക്കൾ താൻ മുഖാന്തിരം അനുഗ്രഹിക്കപ്പെടുവാനിടയായിത്തീർന്നു!

ഇത്ര വിലയേറിയ ഒരു ലക്ഷ്യത്തിനുവേണ്ടി ദൈവം ആരെ തിരഞ്ഞെടുക്കേണം? ഇത്രയധികം ആരെ ഭരമേല്പിക്കുവാൻ കഴിയും? "അവൻ എന്നെ വിശ്വസ്തനന്നെണ്ണി ശുശ്രൂഷയിലാക്കി" (1തിമൊ. 1:12) എന്നുള്ള പൗലൊസിന്റെ വാക്കുകളിൽ ഈ ചോദ്യങ്ങൾക്കുത്തരമുണ്ട്.

മനുഷ്യന്റെ ധാരണയിലുള്ള വിശ്വസ്തതയിൽനിന്നും വ്യത്യസ്തവും കനമേറിയതുമാണ് ദൈവത്തിന്റെ ദൃഷ്ടിയിലുള്ള വിശ്വസ്തത. ഏതു സാഹചര്യത്തിലും അതിന്റെ അളവ് തികവുള്ളതാണ്. ചെറിയ കാര്യമെന്നോ വലിയ കാര്യമെന്നൊ വ്യത്യാസം ഇല്ലാതെ, അതിന്റെ അളവ് എപ്പോഴും പൂർണ്ണമാണ്. വിശ്വസ്തതയ്ക്കു നാം കൊടുക്കുവാൻ ഇച്ഛിക്കുന്ന വിലയും, വ്യത്യസ്ത സാഹചര്യങ്ങളിൽ അതിനോടു നമുക്കുള്ള മനോഭാവവും ദൈവത്തിനു മറവായിരിക്കുന്നില്ല. സമൃദ്ധമായ കൃപയും, ശക്തിയും, അനുഗ്രഹനിറവും, മഹനീയ കാര്യവിചാരകത്വവും തികഞ്ഞ വിശ്വസ്തതയുടെ പ്രതിഫലമാണ്.

നമ്മുടെ അഭക്തിയും, തിന്മയും, സത്യസന്ധമായി അംഗീകരിച്ച് താഴ്മയിൽ വേരൂന്നി അതിൽ തുടരുന്നപക്ഷം നമ്മെക്കുറിച്ച് ചെറിയ ചിന്തകൾ പുലർത്തുവാൻ കഴിയും – ഇതാണ് അധികം ഭരമേല്പിക്കപ്പെടുന്നതിന്റെ ഒരു വ്യവസ്ഥ. ഇവ്വണ്ണം, നമുക്കു നമ്മെത്തന്നെ കാണുവാൻ ഇടയാകുന്നതിനാൽ, നാം ദൈവത്തിന്റെ കരങ്ങളിൽ വളരെയധികം ഉപയോഗിക്കപ്പെട്ടാലും, മറ്റുള്ളവരാൽ ആദരിക്കപ്പെട്ടാലും, താഴ്മയിൽ തുടരുവാൻ നമുക്കു കഴിയുന്നു. നമ്മുടെ തിന്മയുടെയും, പാപത്തിന്റെയും അളവ് എത്രതന്നെ ആയിക്കൊള്ളട്ടെ– ദൈവത്തിന്റെ ക്ഷമ അളവറ്റതാണ്. നമുക്കു സമ്പൂർണ്ണ പാപക്ഷമ ലഭിക്കും. എന്നാൽ ഏറ്റവും പ്രസക്തമായ കാര്യം

സ്വാഭാവിക കഴിവുകൾ, വിദ്യാഭ്യാസം, വാക്ചാതുര്യം എന്നിവ ഒന്നും തന്നെ, ദൈവത്തിന് ഒരുവനെ എന്തെങ്കിലും ഭരമേല്പിക്കുവാൻ മതിയായ കാരണങ്ങളല്ല. ഒരുവനെ ദൈവം എന്തെങ്കിലും ഭരമേല്പിക്കുന്നത്, കൃത്യമായും അവന്റെ താഴ്മയ്ക്കും വിശ്വസ്തതയ്ക്കും ആനുപാതികമായാണ്. അവന്റെ മാനുഷിക നിലവാരങ്ങൾ - അറിവ്, സംസ്കാരം, കുലമഹിമ- ഇവ പ്രസക്തമേയല്ല, വിശ്വസ്തതയും, താഴ്മയും മാത്രമാണ് പ്രസക്തം. അതിനാൽ, ദൈവത്തെ കടന്നുവിശ്വസിക്കുക.

നമ്മുടെ മാനസാന്തരം എത്ര തീവ്രതയുള്ളതാണെന്നും, മാനസാന്തരപ്പെട്ടശേഷം, നാം അനുതപിച്ച കാര്യങ്ങളോടുള്ള നമ്മുടെ മനോഭാവം എന്തായിരിക്കുന്നുവെന്നും, ജീവപര്യന്തം, തുടർന്നുള്ള എല്ലാ സാഹചര്യത്തിലും, അതേ മനോഭാവം നാം പുലർത്തിപ്പോരുമോ എന്നുള്ളതുമാണ്.

സ്വാഭാവിക കഴിവുകൾ, വിദ്യാഭ്യാസം, വാക്ചാതുര്യം എന്നിവ ഒന്നും തന്നെ, ദൈവത്തിന് ഒരുവനെ എന്തെങ്കിലും ഭരമേല്പിക്കുവാൻ മതിയായ കാരണങ്ങളല്ല. ഒരുവനെ ദൈവം എന്തെങ്കിലും ഭരമേല്പിക്കുന്നത്, കൃത്യമായും അവന്റെ താഴ്മയ്ക്കും വിശ്വസ്തതയ്ക്കും ആനുപാതികമായാണ്. അവന്റെ മാനുഷിക നിലവാരങ്ങൾ - അറിവ്, സംസ്കാരം, കുലമഹിമ- ഇവ പ്രസക്തമേയല്ല, വിശ്വസ്തതയും, താഴ്മയും മാത്രമാണ് പ്രസക്തം. അതിനാൽ, ദൈവത്തെ കടന്നുവിശ്വസിക്കുക.

നിറം ഇളകുന്നതും, ഇളകാത്തതുമായ തുണികളെക്കുറിച്ച് നാം കേൾക്കാറുണ്ട്. ചൂടുവെള്ളത്തിലും, തിളച്ചവെള്ളത്തിലും, സോപ്പിലും, കാരത്തിലും നിറം ഇളകാത്ത അവസ്ഥയ്ക്കു സമാനം, “ഇളകാത്തവരും, കുലുങ്ങാത്തവരുമായ” സഹോദരന്മാരെക്കുറിച്ചും, വിശ്വസ്തനും ഉറപ്പുള്ളവനുമായ കൂട്ടുവേലക്കാരനെക്കുറിച്ചും, ചിന്തിച്ചുനോക്കുക - യാതൊരുവനും യാതൊന്നിനും - നിറം ഇളക്കുവാൻ കഴിയാത്തൊരുവൻ! അങ്ങനെയുള്ള ഒരുവനെ ദൈവത്തിന് എങ്ങനെ ഒഴിവാക്കുവാൻ കഴിയും? അങ്ങനെ ഒഴിവാക്കിയെങ്കിൽ, ദൈവംതന്നെ ഒരു നല്ലയവസരം പാഴാക്കിയെന്നു വരികയില്ലയോ? വാസ്തവമിതാണ്. ദൈവം അന്വേഷിക്കുന്നത് ഇപ്രകാരമുള്ളവരെയാണ്.

ഇത്ര മഹനീയ കാര്യങ്ങൾ ഭരമേല്പിക്കപ്പെടുവാനായി ഞാനെത്ര ചെറിയവനും, അപ്രാപ്തനുമാണ്? ഇവ്വിധം പറയാതിരിക്കുക. മറിച്ച്, “ഞാനെത്ര വിശ്വസ്തതയില്ലാത്തവനും, താഴ്മയില്ലാത്തവനുമായിരിക്കുന്നു” എന്നു പറയുകയാണു കൂടുതൽ ഉത്തമം. നിരാശപ്പെടേണ്ട. പരിധിയെന്യേ അനുതപിക്കുവാനുള്ള അവസരവും നമ്മുടെ മുമ്പിൽ ഉണ്ട്. നമുക്ക് എന്തുകൊണ്ട് അതു ചെയ്തുകൂടാ? ■

# ബൈബിൾ
# നാം അറിയേണ്ട വസ്തുതകൾ

**ബൈബിൾ ദൈവവചനമെന്ന് എന്തുകൊണ്ട് നാം വിശ്വസിക്കണം? ബൈബിളിന്റെ ചരിത്രം, പ്രവചനങ്ങൾ നിറവേറിയതിന്റെ തെളിവുകൾ തുടങ്ങിയവ സംബന്ധിച്ചു നാം അറിഞ്ഞിരിക്കേണ്ട ഒട്ടേറെ വസ്തുതകൾ. ബൈബിളിന്റെ അതുല്യതയിലേക്കു വിരൽ ചൂണ്ടുന്ന പരമ്പര ആരംഭിക്കുന്നു!**

"നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിന് എന്റെ കണ്ണുകളെ തുറക്കേണമേ." (സങ്കീ. 119:18).

ബൈബിൾ അതുല്യമായ ഒരു പുസ്തകമാണ്. മറ്റേതൊരു പുസ്തകത്തെക്കാളും തികച്ചും വ്യത്യസ്തമായ ഒരു ഗ്രന്ഥമാണത്. ഏതാണ്ട് ആയിരത്തി അഞ്ഞൂറിൽപ്പരം വർഷങ്ങൾകൊണ്ട് 40-ൽ അധികം വ്യത്യസ്തരായ എഴുത്തുകാരാൽ എഴുതപ്പെട്ട ഒരു ഗ്രന്ഥമാണിതെങ്കിലും, അതിലെ രചനകൾ തമ്മിൽ യാതൊരു പൊരുത്തക്കേടുകളും കാണുവാനില്ല. ബൈബിൾ താരതമ്യങ്ങളില്ലാത്തതും അക്ഷയമായതുമായ ഒരു പുസ്തകമാണ്. ജീവിതകാലം മുഴുവൻ ഇത് വായിക്കുകയും പഠിക്കുകയും ചെയ്ത ഒരുവന് ഓരോ ദിവസവും പുതുമയോടെ സമീപിക്കുവാൻ കഴിയുന്ന ഒരു ഗ്രന്ഥമാണിത്. മറ്റ് പല ഗ്രന്ഥങ്ങളും ബൈബിളുമായി താരതമ്യം ചെയ്യുമ്പോൾ തികച്ചും അർത്ഥശൂന്യങ്ങളാണ്.

മറ്റൊരു പുസ്തകത്തിന്റെയും സഹായമോ വിശദീകരണങ്ങളോ കൂടാതെ വായിച്ചാസ്വദിക്കുവാൻ കഴിയുന്ന ഒരു പൂർണ്ണ ഗ്രന്ഥമാണ് ബൈബിൾ. ബൈബിളിന് തുല്യമായി ദൈവനിശ്വാസിയമെന്ന അവകാശവാദങ്ങളോടു കൂടി അവതരിപ്പിച്ച പല വ്യാജമതഗ്രന്ഥങ്ങളുടെയും പൊള്ളത്തരം വളരെ എളുപ്പത്തിൽ തിരിച്ചറിയുവാൻ കഴിയും. ഇതൊരു പുരാതനഗ്രന്ഥമെങ്കിലും ഇന്നും പുതുമ നഷ്ടമാകാതെ നിലനിൽക്കുന്നു. എല്ലാ കാലങ്ങളിലും അതിശക്തമായ എതിർപ്പുകളെ നേരിട്ട ഗ്രന്ഥമാണു ബൈബിൾ. എന്നാൽ വിജയകരമായ നിലയിൽ അവയെ ചെറുത്തു തോൽപ്പിക്കുവാൻ ബൈബിളിന് സാധിച്ചിട്ടുണ്ട്. ഇതേ നിലയിലുള്ള അക്രമണങ്ങൾ നേരിടേണ്ടി വന്നിരുന്നെങ്കിൽ മറ്റനേകം ഗ്രന്ഥങ്ങളും പണ്ടേ നഷ്ടപ്പെട്ടു പോകുമായിരുന്നു. എന്നാൽ എക്കാലത്തെയും ഏറ്റവും കൂടുതൽ വിറ്റഴിയപ്പെട്ട ഗ്രന്ഥമെന്ന ഖ്യാതി ഇന്നും ബൈബിളിനു തന്നെയാണ്. ആയിരത്തിലധികം ഭാഷകളിലും ഉപഭാഷകളിലും ഇന്ന് അത് അച്ചടിച്ചു വിതരണം ചെയ്യപ്പെടുന്നു.

2 തിമൊഥെയോസ് 3:16ൽ പറയുന്നതുപോലെ ദൈവനിശ്വാസീയമായ ഒരു ഗ്രന്ഥമാണോ ബൈബിൾ? യഥാർത്ഥത്തിൽ അത്, 2 തിമൊ. 2:15ൽ കാണുന്നതുപോലെ സത്യത്തിന്റെ വചനമാണോ, അതോ അതിൽ ചില സത്യങ്ങൾ ഉണ്ട് എന്നേയുള്ളോ? ഒറ്റനോട്ടത്തിൽ ചില പൊരുത്തക്കേടുകൾ ബൈബിളിൽ കണ്ടെത്തുവാൻ കഴിഞ്ഞാലും, ശരിയായി പഠിച്ചാൽ ഇവ അങ്ങനെയല്ലെന്നു കാണാൻ കഴിയും. മൂലകൃതിയിൽ ഒരു തെറ്റുമില്ലാത്ത ദൈവനിശ്വാസിയമായ വചനങ്ങളാണ് ഉണ്ടായിരുന്നത്. എന്നാൽ അതിന്റെ പകർത്തിയെഴുത്തുകാരും വിവർത്തകന്മാരും അപ്രമാദിത്വമുള്ളവരല്ലായ്കയാൽ ചില ചെറിയ തെറ്റുകൾ വരുത്തിയിട്ടുണ്ട്. എന്നാൽ ഇവയൊക്കെ വളരെയെളുപ്പത്തിൽ കണ്ടെത്തുവാൻ കഴിയും. 'നിന്റെ വചനത്തിന്റെ സാരം സത്യം തന്നെ: നിന്റെ നീതിയുള്ള വിധികൾ ഒക്കെയും എന്നേക്കുമുള്ളവ" (സങ്കീ. 119:160) എന്ന് സങ്കീർത്തനക്കാരൻ ദൈവനിശ്വാസീയമായി പാടുമ്പോൾ, ഉൽപത്തി 1:1 മുതലുള്ള വചനങ്ങളാണു താൻ ഉദ്ദേശിക്കുന്നത്. പ്രാർത്ഥനയോടും ആദരവോടും മാത്രമേ ബൈബിൾ വായിക്കാവൂ!

**ചരിത്രം**

പുതിയനിയമത്തിന്റെ വരവിനു മുമ്പ് വിശുദ്ധ തിരുവെഴുത്തുകളെ 'ബൈബിൾ' എന്ന് വിളിച്ചിരുന്നില്ല. 'മോശെയും പ്രവാചകന്മാരും' അല്ലെങ്കിൽ 'ന്യായപ്രമാണവും പ്രവാചകന്മാരും' എന്നൊക്കെയാണ് അതിനെ വിളിച്ചിരുന്നത്. പുരാതനകാലത്ത് വിശുദ്ധ രചനകൾ കല്ലിൽ കൊത്തിവെക്കുകയോ മൃഗത്തോലിൽ എഴുതി സൂക്ഷിക്കുകയോ ആണ് ചെയ്തിരുന്നത്. യെഹൂദന്മാർ വളരെ ശ്രദ്ധയോടെ അവയെ സംരക്ഷിച്ചു വന്നിരുന്നു. പഴയനിയമ തിരുവെഴുത്തുകൾക്കു തുല്യമായി ശ്രദ്ധയോടെ സൂക്ഷിച്ച മറ്റൊരു പുരാതന ഗ്രന്ഥവും ഭൂമുഖത്ത് ഇല്ലെന്നാണ് ചരിത്രകാരന്മാർ പറയുന്നത്.

ഭൂരിഭാഗം പഴയനിയമ പുസ്തകങ്ങളും എഴുതപ്പെട്ടിരുന്നത് എബ്രായ ഭാഷയിലായിരുന്നു. എന്നാൽ ചിലതു സെമിറ്റിക് ഭാഷകളിൽപ്പെടുന്ന (എബ്രായ ഭഷയ്ക്കു സമാനമായ) അരാമ്യഭാഷയിലാണ് എഴുതപ്പെട്ടിരുന്നത്. യിസ്രായേലിന്റെ ബാബേൽ പ്രവാസകാലത്താണ് അരാമ്യഭാഷ പലസ്തീനിൽ പ്രാമുഖ്യം നേടിയത്. ഈ ഭാഷയിലാണ് യേശുക്രിസ്തു മിക്കപ്പോഴും ജനത്തോടു സംസാരിച്ചിരുന്നത് എന്നാണു കരുതുന്നത്.

'ബൈബിൾ' എന്ന വാക്കിന്റെ ഉത്ഭവം ഗ്രീക്കിലെ 'ബിബ്ലൊാസ്' എന്ന പദത്തിൽ നിന്നാണ്. പാപ്പിറസ് ചെടിയുടെ ബലമേറിയ തണ്ടിനു പറയുന്ന പേരാണ് 'ബിബ്ലോസ്' (Biblos) എന്നത്. പാപ്പിറസ് ചെടിയുടെ തണ്ടുപയോഗിച്ച് ഈടുറ്റ എഴുത്തു കടലാസ് അക്കാലത്ത് നിർമ്മിച്ചിരുന്നു. ('പാപ്പുറോസ്' എന്ന ഗ്രീക്കു പദത്തിൽ നിന്നാണ് പേപ്പർ' എന്ന വാക്കുണ്ടായത് എന്നുകൂടി സന്ദർഭവശാൽ സൂചിപ്പിക്കട്ടെ). ഈജിപ്തിലെ ചുതുപ്പു നിലങ്ങളിൽ ഈ ചെടി ധാരാളമായി വളർന്നിരുന്നു. പാപ്പിറസ് കടലാസ് കണ്ടുപിടിച്ചപ്പോൾ തിരുവെഴുത്തുകൾ ഈ പുത്തൻ എഴുത്തുപ്രതലത്തിലേക്ക് പകർത്തിയെഴുതുകയും പഴയനിയമവും പുതിയനിയമവും കൂട്ടിച്ചേർത്തപ്പോൾ അതിന് 'ബൈബിൾ' എന്ന് പേരു നൽകുകയും ചെയ്തു.

ബി.സി. 250 നോട് അടുത്താണ്, ഗ്രീക്കുകാരനായിരുന്ന ഈജിപ്തിലെ രാജാവ് ടോളമി രണ്ടാമന്റെ നേതൃത്വത്തിൽ പഴയനിയമം ഗ്രീക്കുഭാഷയിലേക്ക് പരിഭാഷപ്പെടുത്തുന്നത്. ഈ പഴയനിയമ പരിഭാഷയ്ക്ക് സെപ്റ്റജിന്റ് (എഴുപത് എന്നർത്ഥം) എന്നാണു വിളിച്ചിരുന്നത്. ഈ ഉദ്യമത്തിൽ എഴുപത് ഗ്രീക്കു പണ്ഡിതന്മാർ പങ്കാളികളായിരുന്നതിനാലാണ് ഈ പേര് നൽകിയത്. പുതിയനിയമം ഗ്രീക്കുഭാഷയിൽ എഴുതുകയോ, എബ്രായ അരാമ്യഭാഷകളിൽ എഴുതിയതിനു ശേഷം ഗ്രീക്കുഭാഷ വശമുള്ള പുതിയനിയമ എഴുത്തുകാർ അതിലേക്കു പരിഭാഷപ്പെടുത്തുകയോ ആണ് ചെയ്തിരിക്കുന്നത്.

A.D. 382-നോടടുത്ത്, റോമിലെ ബിഷപ്പായിരുന്ന ഡമാസെസ് നാലു സുവിശേഷങ്ങൾ ലത്തീൻ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തുവാൻ വിശുദ്ധ ജെറോമിനെ ചുമതലപ്പെടുത്തി. വളരെക്കാലം കഴിഞ്ഞാണ് പുതിയനിയമത്തിലെ മറ്റു പുസ്തകങ്ങൾ ലത്തീനിലേക്ക് പരിഭാഷപ്പെടുത്തിയത്. ബൈബിളിന്റെ ആദ്യത്തെ ലത്തീൻ പരിഭാഷയ്ക്ക് 'വൾഗേറ്റ് (The Vulgate) എന്നാണ് വിളിച്ചിരുന്നത്. ഇറ്റലിയിലെ സാധാരണക്കാരുടെ സംസാരഭാഷയിലാണ് അത് എഴുതപ്പെട്ടത് എന്നതിനാലാണ് ഈ പേര് നൽകിയ്ത്. ഇതിലും പഴക്കമേറിയ ഒരു ലത്തീൻ പരിഭാഷയുണ്ടെങ്കിലും അതിന്റെ ഉത്ഭവത്തെക്കുറിച്ചു നമുക്ക് ഒരു സൂചനയുമില്ല.

1381-നടുത്ത്, ഇംഗ്ലീഷ് നവീകരണ കർത്താവായ ജോൺ വിക്ലിഫ്, നിക്കോളാസ് ഹിയർഫോർഡ് എന്ന വ്യക്തിയുടെ സഹായത്താൽ ലത്തീൻ വൾഗേറ്റ് അന്നത്തെ ഇംഗ്ലീഷ് ഭാഷയിലേക്കു പരിഭാഷപ്പെടുത്തി. അന്നത്തെ പോപ്പായിരുന്ന അർബൻ ആറാമന്റെ എതിർപ്പിനെ വകവെയ്ക്കാതെയാണ് താനിതു ചെയ്തത്. അതുമൂലം അദ്ദേഹം പോപ്പിന്റെ കോപത്തിനു പാത്രമാവുകയും തന്റെമേൽ പോപ്പ് 'തിരിച്ചെടുക്കുവാനാകാത്ത ശാപം' ആരോപിക്കുകയും ചെയ്തു.

1448-ൽ ജോഹന്നസ് ഗുട്ടൻബർഗ്ഗ് എന്ന ജർമ്മൻകാരൻ അച്ചടി യന്ത്രം കണ്ടുപിടിച്ചു. അങ്ങനെ, അച്ചടിച്ച് പ്രസിദ്ധീകരിച്ച ആദ്യത്തെ പുസ്തകമായി ബൈബിൾ. 1454-ലാണ് ആദ്യത്തെ ബൈബിളിന്റെ അച്ചടി പൂർത്തിയാത്. ഈ ബൈബിൾ പരിഭാഷയ്ക്ക് പറയുന്ന പേര് 'മസ്സാറിൻ ബൈബിൾ' എന്നാണ്.

ബൈബിൾ പരിഭാഷയ്ക്ക് ശേഷം ഏതാണ്ട് ആയിരത്തോളം വർഷങ്ങൾ ഇറ്റലിയിലും സമീപദേശങ്ങളിലും ലത്തീൻ ഭാഷയ്ക്ക് വളരെ പ്രചാരം ഉണ്ടായിരുന്നെങ്കിലും അൽമായർക്ക് വൾഗേറ്റ് ബൈബിൾ ലഭ്യമാകുന്നത് മാർപാപ്പമാർ ആരും അനുവദിച്ചിരുന്നില്ല. 16-ാം നൂറ്റാണ്ടിന്റെ അവസാനഭാഗം വരെ ബൈബിൾ മറ്റൊരു ഭാഷയിലേക്കും പരിഭാഷപ്പെടുത്തുവാൻ വത്തിക്കാൻ അനുവാദം നൽകിയിരുന്നില്ല. 1582-ൽ അന്നത്തെ പോപ്പ്, വൾഗേറ്റ് വിവർത്തനം ഇംഗ്ലീഷു ഭാഷയിലേക്ക് പരിഭാഷപ്പെടുത്തുവാൻ കല്പന കൊടുത്തു. 1610-ൽ പഴയനിയമം ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തി. ഈ റോമൻ കത്തോലിക്ക പതിപ്പിന് ഡോഎ ബൈബിൾ (the Douai Bible) എന്നാണു നാമകരണം ചെയ്തത്. ലത്തീൻ ഭാഷ വശമില്ലാത്തവർക്ക് മനസ്സിലാക്കുവാൻ ബുദ്ധി

▶ *ശേഷം പേജ് 37*

ധ്യാനം

# അവന്റെ കൈയുടെ നിഴലിൻ കീഴിൽ

ഡബ്ല്യു. എ. സ്കോഫീൽഡ്

"**അവൻ** എന്റെ വായയെ മൂർച്ചയുള്ള വാൾ പോലെയാക്കി തന്റെ കൈയുടെ നിഴലിൽ എന്നെ ഒളിപ്പിച്ചു; അവൻ എന്നെ മിനുക്കിയ അമ്പാക്കി തന്റെ പൂണിയിൽ മറച്ചു വെച്ചു" (യെശ. 49:2).

നമ്മുടെ ജീവൻ ക്രിസ്തുവിനോടു കൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു എന്നു കൊലൊസ്യ ലേഖനത്തിൽ നാം വായിക്കുന്നു. ക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേർപിരിക്കാൻ യാതൊന്നിനും കഴിയുകയില്ല. സാത്താനു നമ്മുടെ ആത്മാവിനെ നശിപ്പിക്കാൻ തക്ക വിധം കർത്തവ്യം നടത്താൻ കഴിയുകയില്ല. എന്നാൽ, വിശ്വാസികളുടെ ജീവിതത്തിൽ താൽക്കാലികമായി മറഞ്ഞിരിക്കുന്ന അനുഭവങ്ങൾ ഉണ്ട്. ജീവിതത്തിൽ ദൈവം അനുവദിക്കുന്ന പ്രതികൂല സാഹചര്യങ്ങളാണ് ഈ മറവിടങ്ങൾ. ഈ പ്രതികൂല സാഹചര്യങ്ങൾ വരുമ്പോൾ ഇവ എന്തുകൊണ്ടാണെന്നു നാം പലപ്പോഴും ചോദിച്ചു പോകാറുണ്ട്. എന്നാൽ അവ ദൈവത്തിന്റെ പ്ലാനിൽ ഉൾപ്പെട്ടവയും നമ്മുടെ നന്മയ്ക്കായി കൂടി വ്യാപരിക്കുന്നവയും എന്നു പിൽക്കാലങ്ങളിൽ നാം മനസ്സിലാക്കുന്നു.

'നിഴൽ' എന്ന പദം യിസ്രായേൽ ജനത്തിനു വളരെ ആശ്വാസം നൽകുന്നതായിരുന്നു. ചുട്ടുപഴുത്ത മണൽക്കാടുകളിൽ അത്യുഷ്ണത്തിൽ നിന്നു ഒളിക്കാൻ ലഭിക്കുന്ന തണലുകളെയാണു 'നിഴൽ' എന്ന പദം യിസ്രായേൽ ജനത്തിന്റെ ഓർമയിൽ കൊണ്ടു വരുന്നത്. എന്നാൽ നിഴലുകൾ ഭയത്തെയും നിരാശയെയും ഉളവാക്കുന്നവയും കൂടെയാണ്. ഇരുപത്തി മൂന്നാം സങ്കീർത്തനത്തിൽ കൂരിരുൾ താഴ്വരയെപ്പറ്റി നാം വായിക്കുന്നു. കടുംതൂക്കായ മലഞ്ചെരുവിൽക്കൂടെ താഴ്വരകളിലേക്കു തന്റെ ആടുകളെ നടത്തിക്കൊണ്ടു പോകുന്ന ഒരു ഇടയന്റെ ചിത്രമാണ് ഇതു നമ്മെ ഓർപ്പിക്കുന്നത്. ഈ പാതയുടെ ഒരു വശത്ത് കടുംതൂക്കായ മലഞ്ചെരുവും മറുവശത്തു ചാഞ്ഞു നിൽക്കുന്ന വലിയ പാറക്കെട്ടുകളും ആണുള്ളത്. മധ്യാഹ്ന സമയത്തു പോലും ഈ പാതയിൽ വലിയ അന്ധകാരമാണ്. തെറ്റായ ഒരു ചുവടു വെച്ചാൽ വലിയ അഗാധത്തിലേക്കു വീണു പോകാൻ വളരെ അപകടമുള്ള പാതയാണ് ഇത്.

നിഴലുകളെക്കുറിച്ചു മുകളിൽ പറഞ്ഞിരിക്കുന്ന രണ്ട് ആശയവും ആത്മികമായി ഒരു വിശ്വാസിയുടെ ജീവിതത്തിൽ അർഥവത്താണ്. നിരാശാജനകങ്ങളെന്നു തോന്നുന്ന നിഴലുകൾ പലപ്പോഴും ആശ്വാസത്തി

പ്രധാനമായ വേലകൾ നിർവഹിച്ചു കൊണ്ടിരിക്കുന്നതിന്റെ മധ്യേ ദൈവം ചില നിഴലുകളുടെ കീഴിൽ നമ്മെ ഇരുത്തിയെന്നു വരാം. ഇതെന്തുകൊണ്ടെന്ന് അപ്പോൾ നാം ചോദിച്ചു പോകുന്നു. ശാന്തമായിരുന്നു മുൻകാലങ്ങളിൽ ചെയ്തുകൊണ്ടിരുന്ന കാര്യങ്ങളെക്കുറിച്ച് അലോചിക്കുന്നതിനും നാം കാൽ വെക്കേണ്ട പുതിയ മാർഗങ്ങളെ ദൈവത്തിൽ നിന്നു ലഭിക്കുന്നതിനും ദൈവം നൽകുന്ന അവസരങ്ങളാണിവ.

നും പുതിയ നടത്തിപ്പിനും ഉള്ള തണലുകളായി ദൈവം രൂപാന്തരപ്പെടുത്തും. ഒരു വിധത്തിലും പുരോഗമനം ഇല്ലെന്നു തോന്നുന്ന സന്ദർഭങ്ങൾ ജീവിതത്തിൽ ഉണ്ടാകാറുണ്ട്. അത്യാർത്തിയോടുകൂടെ ദൈവത്തിന്റെ വേലയിൽ മുൻപോട്ടു പോകാൻ നാം ആഗ്രഹിക്കുമ്പോൾ ചില സ്ഥാനങ്ങളിൽ ദൈവം നമ്മെ തടഞ്ഞു നിർത്തും. ഇതു ദൈവം നമ്മെ പരിശീലിപ്പിക്കുന്ന അവസരങ്ങളാണ്. അതിപ്രധാനമായ പ്രവർത്തനരംഗങ്ങളിലേക്കു നാം പ്രവേശിക്കേണ്ടതിനു നമ്മെ ഒരുക്കുന്ന സന്ദർഭങ്ങൾ മാത്രമാണ് ഇവ. എന്നാൽ, ഇതിനായി ദൈവം നൽകുന്ന അവസരങ്ങളിൽ ശാന്തമായിരുന്നു ദൈവേഷ്ടം അറിയേണ്ടതിനു പകരം സ്വന്തം ഇഷ്ടത്തിൽ മുൻപോട്ടു പോകാൻ അനേകർ ശ്രമിക്കുന്നുണ്ട്.

ദമസ്കോസിലേക്കുള്ള യാത്രാമധ്യേ പൗലൊസ് മാനസാന്തരപ്പെട്ടു. ജാതികളോടു സുവിശേഷം അറിയിക്കാൻ ദൈവം അവനെ തിരഞ്ഞെടുത്തിരിക്കുന്നു എന്നു ദൈവം അവനെ അറിയിച്ചു. എന്നാൽ, ഉടനെതന്നെ ആ സുവിശേഷ ഘോഷണത്തിനായി പുറപ്പെടുന്നതിനു പകരം മൂന്നു വർഷം അറേബ്യയിലെ മരുഭൂമിയിൽ പോയി മറഞ്ഞിരിക്കുന്നതിനും ദൈവം അവനെ നിയോഗിച്ചു. അതിന്റെ ശേഷമാണു സുവിശേഷത്തിന്റെ വാതിൽ തുറന്നു കൊടുത്തത്. ഈ മൂന്നു വർഷക്കാലം വനാന്തരത്തിൽ വൃഥാ ചെലവാക്കുന്നത് എന്തിനെന്നു നമ്മെപ്പോലെ പൗലൊസിനും ചോദിക്കുന്നതിനു ന്യായമുണ്ടായിരുന്നു. എന്നാൽ, ഈ കാലങ്ങൾ വൃഥാവായിട്ടല്ല ചെലവാക്കിയതെന്നു നാം അറിയുന്നു. അതിനാൽ ഇപ്രകാരമുള്ള നിഴലുകളിൽ ഒളിച്ചിരിക്കുന്ന സന്ദർഭങ്ങളിൽ ജീവിതത്തിൽ ഒന്നും സാധിക്കുന്നില്ലെന്നു ചിന്തിച്ചു മനസ്സു മടുത്തു പോകരുത്. നാം യഹോവയുടെ കരത്തിന്റെ നിഴലിലാണ് ഇരിക്കുന്നതെങ്കിൽ അക്കാലങ്ങൾ ജീവിതത്തിലെ നേട്ടങ്ങളുടെ കാലമാണ്.

പ്രധാനമായ വേലകൾ നിർവഹിച്ചുകൊണ്ടിരിക്കുന്നതിന്റെ മധ്യേ ദൈവം ചില നിഴലുകളുടെ കീഴിൽ നമ്മെ ഇരുത്തിയെന്നു വരാം. ഇതെന്തുകൊണ്ടെന്ന് അപ്പോൾ നാം ചോദിച്ചു പോകുന്നു. ശാന്തമായിരുന്നു മുൻകാലങ്ങളിൽ ചെയ്തുകൊണ്ടിരുന്ന കാര്യങ്ങളെക്കുറിച്ച് അലോചിക്കുന്നതിനും നാം കാൽ വെക്കേണ്ട പുതിയ മാർഗങ്ങളെ ദൈവത്തിൽ നിന്നു ലഭിക്കുന്നതിനും ദൈവം നൽകുന്ന അവസ

രങ്ങളാണിവ. നമുക്കു പ്രതികൂലമെന്നു തോന്നുന്ന പല തടസ്സങ്ങളും ആപൽക്കരങ്ങളായ മാർഗങ്ങളിൽ നിന്നു ദൈവം നമ്മെ രക്ഷിക്കുന്ന വഴികളാണ്. രോഗക്കിടക്ക പലപ്പോഴും ദൈവം കരുതിയ പുതുവഴികൾ തിരഞ്ഞെടുക്കുന്നതിനും അപ്രധാനങ്ങളായ കാര്യങ്ങളെ ഉപേക്ഷിച്ച് ഏറ്റവും പ്രധാനമായ കാര്യങ്ങളിൽ ശ്രദ്ധ പതിക്കുന്നതിനും ഉള്ള മുഖാന്തരങ്ങളായിത്തീരുന്നു.

ജീവിതത്തിൽ വരുന്ന തോൽവികളാണു വേറെ ചില നിഴലുകൾ. സർവ്വശക്തിയും ഉപയോഗിച്ചു പ്രവർത്തിച്ചതിന്റെ ശേഷം അവിടെ തോൽവി വന്നാൽ അതു സന്തോഷത്തോടുകൂടെ സ്വീകരിക്കുന്നത് ഏറ്റവും പ്രയാസകരമാണ്. പലപ്പോഴും നമ്മുടെ കുറ്റംകൊണ്ടാണു തോൽവികൾ ഉണ്ടാകുന്നത്. എന്നാൽ ചില സന്ദർഭങ്ങളിൽ ദൈവം നമുക്കു തോൽവികൾ അനുവദിക്കുന്നുണ്ട്. വലിയ ദോഷങ്ങളിൽ നിന്നു നമ്മെ രക്ഷിക്കുന്നതിനും പ്രയോജനകരമായ വഴികളിലേക്കു തിരിച്ചു വിടുന്നതിനും ദൈവം തോൽവികളെ ഉപയോഗിക്കുന്നു. കാരഗൃഹ ജീവിതം തോൽവിയെന്നു നാം പലപ്പോഴും വിചാരിക്കുന്നു. എന്നാൽ, പൗലൊസിന്റെ കാരാഗൃഹം, നൂറ്റാണ്ടുകളായി മനുഷ്യർക്കു വായിച്ചറിയുന്നതിനുള്ള ലേഖനങ്ങൾ എഴുതുന്നതിനുള്ള സ്ഥലമായിത്തീർന്നു. ജോൺ ബനിയന്റെ കാരാഗൃഹം, 'പരദേശി മോക്ഷയാത്ര' രചിക്കുന്നതിനുള്ള സ്ഥലമായി.

ദൈവം തോൽവികളെ നമ്മുടെ ജീവിതത്തിൽ അനുവദിക്കുന്നത് നമ്മുടെ നന്മയ്ക്കു വേണ്ടിയാണ്. തോൽവികൾ കൂടുതൽ പ്രയോജനകരമായ പ്രവർത്തന രംഗങ്ങളിലേക്കു കാൽ വയ്ക്കാൻ നമ്മെ ഒരുക്കുന്ന മുഖാന്തരങ്ങളാണ്. നിഴലുകൾ കാണുമ്പോൾ അത് അവന്റെ കരത്തിന്റെ നിഴലുകൾ ആണെന്നു ചിന്തിക്കണം. നിഴലുകളുടെ അന്ധകാരത്തിൽ ദൈവത്തിന് എന്നോട് എന്താണു പറയാനുള്ളത് എന്നും, ഏതൊരു പുതിയ വേലയ്ക്കായിട്ടാണു അവൻ എന്നെ ഒരുക്കുന്നതെന്നും മനസ്സിലാക്കി ഈ നിഴലിനെ പുതിയ പ്രവർത്തനത്തിലേക്കു നടത്തുന്ന മുഖാന്തരമാക്കിത്തീർക്കുന്നതിനു പ്രാർഥിക്കാം. ■

*34-ാം പേജിൽ നിന്ന് തുടർച്ച*

# ബൈബിൾ...

മുട്ടുള്ള പല വാക്കുകളും ഈ പതിപ്പിൽ ഉണ്ടായിരുന്നു. അതിനാൽ ഇതു പുനഃപ്രസാധനം ചെയ്തിട്ടില്ല. എന്നാൽ ആംഗ്ലിക്കൻ സഭയിൽ വേദപഠനം പൂർത്തിയാക്കിയതിനു ശേഷം റോമൻ കത്തോലിക്ക സഭയിലേക്ക് 1750-ൽ ചേക്കേറിയ ബിഷപ്പ് ചാല്ലോനെറിന്റെ പരിഷ്കരിച്ച ഡോഏ ബൈബിളിന് ജയിംസ് രാജാവിന്റെ ആധികാരിക പരിഭാഷയുമായി ഏറെ സമാനതകളുണ്ട്. ഡോഏ ബൈബിളിൽ വായനക്കാരുടെ സഹായത്തിനായി ധാരാളമായി കൊടുത്തിട്ടുള്ള അടിക്കുറിപ്പുകളോട് ഇതര വിഭാഗങ്ങളിൽപ്പെടുന്ന ക്രൈസ്തവർക്കു ശക്തമായ വിയോജിപ്പാണ് ഉള്ളത്. 1611-ലെ പ്രസിദ്ധമായ ജയിംസ് രാജാവിന്റെ പരിഭാഷയിൽ ഇത്തരത്തിലുള്ള അടിക്കുറിപ്പുകൾ ഉണ്ടായിരുന്നില്ല.

*(തുടരും)*

(മൊഴിമാറ്റം : **ബോബി കുര്യൻ**)




# THE HIGH COST OF DISCIPLESHIP

Sandeep Poonen

**Question:**

How do I know if I am a disciple of Jesus?

**Answer:**

This is a very important question, and the answer to which has shaped my Christian life. So let me share a brief thought on this:

**First of all, not all those who profess to be Christians are disciples**: A disciple is an English word that means one who is a follower and student of a mentor, teacher, or other figure. Now there are more than 1 billion people who claim to be Christians. But that does not mean that they all follow Jesus by studying Him and His life. Jesus Himself said this repeatedly. Let me point you to just one such instance in Matthew 7:21-23. Here, we find that even some who prophesy and cast out demons and perform many miracles in the NAME OF JESUS might be exposed as not even knowing Jesus. We find that these people were not followers (disciples) of Jesus because they practiced sin (they didn't' just fall into sin, but made a practice of it) even though they performed miracles in the name of Jesus. So that alone should convince us that taking sin seriously is so much more important than even doing great miracles for Jesus.

Here are 3 key conditions to being a disciple, prescribed by Jesus Himself in Luke 14:25-35

1. **Your love for Me must far exceed your love for your family/"loved ones" (Luke 14:25-26)**

The picture that I have in my mind is a scale with two weighing pans. I am asked to put the weight of my love for my closest/most precious ones on one side. And I am asked to put my love and devotion for Jesus on the other pan. And I must HONESTLY ask myself if my love for Jesus FAR OUTWEIGHS all the rest, because Jesus is genuinely far more precious to me.

Now please note that what is being weighed is not an emotional, romantic, or sentimental love. We can have emotional feelings when it comes to

our children and our parents. God created all our emotions and it is His gift to us. But I must ensure that there is NO PLACE IN MY HEART for their interests to distract me from achieving God's purposes for me. Parents and children can sometimes play on our heart's emotional strings to prevent us from being sold-out committed disciples of Jesus. We must always radically protect the unique place Jesus holds in our hearts, and seek to only please one Person - and that is Jesus.

**2. You must give up all of your selfish interests for the rest of your life (Luke 14:27-29)**

The picture that Jesus uses here is about a man who wanted to build a tower but didn't count the cost completely, so could only get as far as setting the foundation and then had to give up. Just imagine that this person might have paid a good sum of money to buy the plot of land, then hired an architect, made detailed plans, and even bought materials and laid the foundation. But because this person didn't count the cost of the WHOLE tower and did not see the building of the tower to completion, he was considered a failure.

Jesus used this picture to illustrate how some people cannot be His disciple. And this not only speaks to <u>the specific choice</u> one has to make to put to death one's selfish interests, but just as much to a <u>lifelong commitment to this choice</u>. If not, we are like the rocky soil that Jesus talked about – where they initially receive God's Word with joy but it is temporary and they fall away with persecution or affliction (Matthew 13:20-21). The Bible is clear in several passages that only those who hold fast to the end get to share in the life of Jesus (e.g. Hebrews 3:14).

*So Jesus asks us if we are committed to putting to death all of our selfish interests FOR THE REST OF OUR LIVES.* We will find that many who may even preach about the crucified life may not be disciples because their own lives do not demonstrate the resolve to live the rest of their lives continuing to deny their selfish interests (even after 50 years being a Christian).

**3. You must give up ownership over everything you have in this world; nothing in this world must possess you (Luke 14:30-33)**

The illustration that Jesus uses here is about a king with an army of 10,000 going against a king that has 20,000. And if the king with 10,000 doesn't think he can win, he will send for a peace treaty with the other king. Now there are different ways this picture could be interpreted, but this is the way this story speaks to me. I see myself as the king with 10,000, who has been given various things in my life (like my house, my vehicles, my books, my furniture, etc.). But in this life, I will find that there is another "king" who has much more possessions than I ever will (20,000 versus my 10,000), and this king is the devil. The devil is called the god of this world (2 Corinthians 4:4), and he even offered Jesus all the kingdoms of this world and their glory (Matthew 4:8-9). He had a lot of things to offer even Jesus.

So the devil now comes against all the things that I have and either offers me more (because he has much more

than I ever will), or he threatens to take away any or all of the 10,000 things that I have. As we see in the story of Job, God does give the devil permission at times to attack and destroy the perishable things that we have in this life. In Job's case, he pretty much lost all of his property when the devil was permitted to attack him (Job 1).

So the question when it comes to being a disciple of Jesus is what I will do when the god of this world comes at me and tells me that he will attack me and take away my things. Will I sign a peace treaty with the devil and not become a sold-out disciple of Jesus (because something on this earth has a hold on me and possesses me), or will I tell the devil that he can have every last one of my things because I have no possessions (I don't hold anything that God has given me for food, shelter, or even just my enjoyment, as my possession)?

This mindset is also described in *Hebrews 10:34 - For you…accepted joyfully the seizure of your property, knowing that you have for yourselves a better possession and a lasting one*. So we don't hold any of the things in this life as possessions (that possess us). We have counted the cost and are at rest knowing that we have a better possession with Jesus Christ.

As I read these 3 conditions, I think there might be a lot of surprises when God judges the thoughts and motives of all hearts, because it's so much more than a prayer prayed or a decision made, and more than living a nice, good, moral life. **It's about a lifelong commitment to a special kind of relationship with Jesus that makes us His disciple**.

- So the priority we put on pleasing Jesus must be incredibly more serious and important than the priority that we put on things like ensuring that our children receive the best education and financial future, and ensuring that our aging parents are happy and comfortable.
- And we must make a lifelong commitment (every day for the rest of our lives) to denying our selfish desires and embarking on this daily life of "suffering" over all our selfishness.
- And we must prioritize the resolve in our hearts that we will NEVER make a peace treaty with the devil even if he threatens to take away everything that we have. So we will hold all of the things that we have <u>with open palms</u>, fighting to ensure that not even one thing in our lives (not our house, not our jobs, not our quality of life, not our modes of transportation) turns into our possession where it possesses and has a hold over us.

This is a very high standard, but with Jesus all things are possible. Those who are "rich" in that they have things to hold on to, will find this impossible. But if we "count" all that God gave up for us (Romans 8:32; 1 Timothy 1:15), we will find the strength and resolve to choose this life and prioritize Jesus far more than everything else and everyone else, including our own selves. ■

*(please mail your genuine doubts to: sandeep@poonen.org)*

*4-ാം പേജിൽ നിന്ന് തുടർച്ച*

# ദൈവദാസന്മാരുടെ യഥാർത്ഥ സ്വാതന്ത്ര്യം

ഹത്തെ സ്വതന്ത്രനാക്കാൻ കഴിയുമായിരുന്നു. 'പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും' എന്ന് യേശു അവിടെത്തന്നെ ചൂണ്ടിക്കാട്ടിയിട്ടുണ്ടല്ലോ (8:36).

എന്നാൽ അടുത്ത ദിവസം അതു സംഭവിച്ചു. മിഷനറിയുടെ വാക്കുകൾ ഡോക്ടറെ ഒരു തിരിച്ചറിവിലേക്കു നയിച്ചില്ലെങ്കിലും യേശുവിലേക്കു ചെന്നു സ്വാതന്ത്ര്യം നേടിയ ഭാര്യയുടെ അനുഭവം അദ്ദേഹത്തെ സ്പർശിച്ചു. അതിങ്ങനെയാണ്: പിറ്റേന്നു രാവിലെ സന്താൾ ആശ്രമത്തിൽ നിന്ന് ഒരു പുതിയ സൃഷ്ടിയായി മടങ്ങിയെത്തിയ ഭാര്യ ഉണ്ടാക്കിയ രണ്ടു കപ്പു കാപ്പിയുമായി ഇരുവരും അത്താഴ മേശയ്ക്കു സമീപം ഇരിക്കുകയാണ്. പൊടുന്നനെ പത്രം മടക്കിവച്ച് ഡോക്ടർ പരിഹാസത്തോടെ ഭാര്യക്കു നേരേ തിരിഞ്ഞു: "ആട്ടെ തമ്പുരാട്ടി, ആശ്രമത്തിൽ പോയി പുതുതായി എന്താണു പഠിച്ചത്?"

നിശ്ശബ്ദയായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു ഭാര്യ മെല്ലെ താനിരുന്ന കസേരയിൽ നിന്ന് എഴുന്നേറ്റു. അത്താഴമേശയെ വലം വച്ച് അവൾ ഡോക്ടർ ഇരുന്ന കസേരയുടെ അടുത്തെത്തി. അവൾ തറയിൽ മുട്ടുകുത്തി അദ്ദേഹത്തിന്റെ കരം ഗ്രഹിച്ച് ഇങ്ങനെ പറഞ്ഞു: "ഞാൻ ആശ്രമത്തിൽ നിന്നു പഠിച്ചതോ? ഞാൻ പഠിച്ചത്, ഈ വീട്ടിലെ പ്രശ്നം മറ്റാരുമല്ല ഞാനാണെന്നാണ്. എന്നോടു ക്ഷമിക്കണം." ഭാര്യയുടെ വാക്കുകളും പ്രവൃത്തിയും ഭർത്താവിന്റെ ഹൃദയത്തെ സ്പർശിച്ചു. അദ്ദേഹവും ഭാര്യക്കു സമീപം മുട്ടുകുത്തി തന്റെ ജീവിതത്തെ യേശുവിനു സമർപ്പിച്ച് സാക്ഷാൽ സ്വാതന്ത്ര്യത്തിലേക്കു പ്രവേശിച്ചു...

ഈ വരികൾ വായിക്കുന്ന ആരെങ്കിലും ഈ നിലയിൽ ഒരു സ്വാതന്ത്ര്യത്തിലേക്കു വരാതെ ഇപ്പോഴും പാപത്തിന്റെ ദാസന്മാരായി തുടരുന്നുണ്ടെങ്കിൽ "സത്യം അറിയുക; സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (8:31). ഉവ്വ്, പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും.

ഇത് ഒരു തുടക്കമാണ്. യേശു ആ ഭാഗത്തു തുടർന്നു പറയുന്നതു മുന്നോട്ടുള്ള വഴിയെക്കുറിച്ചു സൂചന നൽകുന്നു: "നിങ്ങൾ എന്റെ വചനത്തിൽ നിലനില്ക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി... സ്വതന്ത്രന്മാരാകും" (8:31). നിർഭാഗ്യവശാൽ ഇന്നു ദൈവദാസന്മാരെന്നു സ്വയം അവകാശപ്പെടുന്ന പലരും ശിഷ്യത്വ ജീവിതം നൽകുന്ന ഇത്തരം പൂർണമായ ഒരു സ്വാതന്ത്ര്യത്തിലേക്കു വന്നിട്ടില്ല. കഴിഞ്ഞകാല പാപത്തിന്റെ ശിക്ഷാവിധിയിൽ നിന്നും കുറ്റബോധത്തിൽ നിന്നും അവർ സ്വാതന്ത്ര്യം നേടിയിട്ടുണ്ടെന്നതു നേര്. അവരിൽ പലരും ക്രിസ്തുവിനെ അറിഞ്ഞ കേവലം ക്രിസ്ത്യാനികളാണ്. എന്നാൽ ക്രിസ്തുവിന്റെ ശിഷ്യരല്ല.

ആധുനിക കാലത്താണ് ക്രിസ്ത്യാനിത്വവും ശിഷ്യത്വവും ഇങ്ങനെ രണ്ടായി പിരിഞ്ഞു കിടക്കുന്നത്. ആദ്യ നൂറ്റാണ്ടിൽ രണ്ടും തമ്മിൽ ഒരു വേർതിരിവുണ്ടായിരുന്നില്ല. "ആദ്യം അന്ത്യോക്ക്യയിൽ വച്ചു

ശിഷ്യന്മാർക്കു ക്രിസ്ത്യാനികൾ എന്നു പേർ ഉണ്ടായി" എന്ന വചനം (പ്രവൃത്തി 12:26) ഈ സത്യത്തിലേക്കാണു വിരൽ ചൂണ്ടുന്നത്. ഒന്നാം നൂറ്റാണ്ടിൽ ശിഷ്യന്മാരെ വിളിച്ച പേരാണ് 'ക്രിസ്ത്യാനികൾ' എന്നത്. അന്നു ശിഷ്യന്മാർ ക്രിസ്ത്യാനികൾ എന്നറിയപ്പെട്ടു. അന്ന് എല്ലാ ക്രിസ്ത്യാനികളും ശിഷ്യത്വം നൽകുന്ന പൂർണ സ്വാതന്ത്ര്യത്തിലേക്കു ചുവടു വച്ചവരായിരുന്നു.

ഇന്നോ? ഇന്ന് ക്രിസ്തു തങ്ങളെ സ്വതന്ത്രരാക്കി എന്ന് അവകാശപ്പെടുന്ന പലരോടും അടുത്തു പെരുമാറുമ്പോൾ അവരിൽ മിക്കവരും ദൈവത്തിന്റെ ദാസന്മാരല്ല പകരം തങ്ങളുടെ തന്നെ, സ്വയത്തിന്റെ, ദാസന്മാരാണെന്നു കാണാൻ കഴിയും. പണം, സ്ഥാനമാനങ്ങൾ, ശുശ്രൂഷകൾ തുടങ്ങിയവയ്ക്കു വേണ്ടിയുള്ള മത്സരത്തിലാണവർ. 'സ്ഥാനമാനങ്ങൾ ചൊല്ലിക്കലഹിച്ചും, നാണംകെട്ടു നടക്കുന്നിതു ചിലർ" എന്ന പൂന്താനത്തിന്റെ വരികൾ ലോക മനുഷ്യർക്കൊപ്പം ഇന്നു ദൈവദാസന്മാരെന്നു പേരെടുത്തവർക്കും പ്രസക്തമാണെങ്കിൽ അതെത്ര ലജ്ജാകരമാണ്! സത്യത്തിൽ ഇതിന്റെ എല്ലാം ഉറവിടം തകരപ്പെടാത്ത സ്വയത്തിലാണ്. സ്വയ(self)ജീവന്റെ മേൽ ശിഷ്യത്വത്തിന്റെ കുരിശടയാളം പതിഞ്ഞിട്ടില്ലാത്തവർ! തങ്ങൾ തന്നെ അടിമകളായിരിക്കെ മറ്റുള്ളവർക്കു സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്നവരായി ഇവരിൽ ഏറെയും മാറിയിരിക്കുന്നു.

ഏറിയ പുരുഷാരം തന്നെ അനുഗമിക്കുമ്പോഴാണ് യേശു അവരുടെ നേരേ തിരിഞ്ഞ് പൊടുന്നനെ ശിഷ്യത്വ ജീവിതത്തിന്റെ ആവശ്യകത, അതിലേക്കുള്ള പടവുകൾ എന്നിവയെക്കുറിച്ചു പറഞ്ഞത് (ലൂക്കൊ. 14:25). ആ ഭാഗം അവസാനിപ്പിക്കുമ്പോൾ യേശു ശിഷ്യത്വമില്ലാത്ത ക്രിസ്തീയതയെ കാരമില്ലാത്ത ഉപ്പിനോടാണുപമിക്കുന്നത്: "ഉപ്പു നല്ലതു തന്നേ; പക്ഷേ ഉപ്പു കാരമില്ലാതെ പോയാൽ എന്തൊന്നുകൊണ്ട് അതിനു രസം വരുത്തും? പിന്നെ നിലത്തിനും വളത്തിനും കൊള്ളുന്നതല്ല (useless). അതിനെ പുറത്തു കളയും. കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ" (14:35).

ചെവിയുള്ളവർ ഇന്നിതു കേൾക്കുന്നുണ്ടോ? ദൈവദാസന്മാരുടെ യഥാർത്ഥ സ്വാതന്ത്ര്യം ശിഷ്യത്വത്തിലാണ് ഫലപൂർണതയിലെത്തുന്നത്. ശിഷ്യത്വത്തെക്കുറിച്ച് യേശു പറഞ്ഞത് തന്നെ അനുഗമിച്ചവരോടാണ് (14:25). അതുപോലെ, തന്റെ ശിഷ്യന്മാരായി സത്യം അറികയും സത്യത്തിലൂടെ സ്വാതന്ത്ര്യത്തിലേക്കു വരികയും ചെയ്യുന്നതിനെക്കുറിച്ച് യേശു പറഞ്ഞത് തന്നിൽ 'വിശ്വസിച്ച' യെഹൂദന്മാരോടാണ് (യോഹ. 8:31).

ഇന്നും തന്റെ പിന്നാലെ വരുന്ന ക്രിസ്ത്യാനികളെന്ന ബഹു പുരുഷാരത്തോടും തന്നെ കേവലം വിശ്വസിക്കുന്ന 'സാദാവിശ്വാസി'കളോടും യേശുവിനു പറയാനുള്ളതു യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കു നയിക്കുന്ന ശിഷ്യത്വത്തിന്റെ സന്ദേശം തന്നെയാണ്. 'കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ.' ■



# TESTING FOR GOSSIP

*In ancient Greece, Socrates was reputed to hold knowledge in high esteem. One day an acquaintance met the great philosopher and said, Do you know what I just heard about your friend?*

Hold on a minute, Socrates replied. Before telling me anything Id like you to pass a little test. Its called the **Triple Filter Test.**




*Triple filter?*

That's right, Socrates continued. Before you talk to me about my friend, it might be a good idea to take a moment and filter what you're going to say. That's why I call it the triple filter test. The first filter is **Truth**. Have you made absolutely sure that what you are about to tell me is true?

*No, the man said, Actually I just heard about it and ...*




All right, said Socrates. So you don't really know if its true or not. Now let us try the second filter, the filter of **Goodness.** Is what you are about to tell me about my friend something good?

*"No, on the contrary"*




So, Socrates continued, you want to tell me something bad about him, but you're not certain its true. You may still pass the test though, because there's one filter left: the filter of **Usefulness**. Is what you want to tell me about my friend going to be useful to me?

*No, not really*

Well, concluded Socrates, if what you want to tell me is neither true nor good nor even useful, why tell it to me at all?

**JEEVAMOZHIKAL RNI/KERBIL/-2003/21404** Date of Publication 28-01-2015
**February 2015** www. jeevamozhikal.org
Annual Subscription Rs.100/-

# പരാതിപ്പെടാൻ എന്തവകാശം?

"വീൽച്ചെയറിലെ കുട്ടി" എന്ന തലക്കെട്ടിൽ സ്റ്റീവ് റൊമാൻസ് എഴുതിയ ലേഖനത്തിലെ ആശയം ഇങ്ങനെ: ഒരു ദിവസം ലേഖകൻ വളരെ ദുഃഖിതനായി തന്റെ ട്രക്ക് ഓടിച്ചു പോകുകയാണ്. ആഗ്രഹിക്കുന്ന പല കാര്യങ്ങളും നടക്കുന്നില്ല, ആരും തന്നെ വേണ്ടവിധം അംഗീകരിക്കുന്നില്ല എന്നിവയെല്ലാമായിരുന്നു സ്റ്റീവ് റൊമാൻസിന്റെ ദുഃഖത്തിന്റെ കാരണം. അതേപ്പറ്റി ചിന്തിച്ചുകൊണ്ട് ഉത്സാഹമില്ലാത്തവനായി അദ്ദേഹം വണ്ടിയോടിച്ചു പോകുമ്പോൾ പെട്ടെന്നു ട്രാഫിക് സിഗ്നലിൽ ചുവപ്പു വെളിച്ചം. അദ്ദേഹം ട്രക്ക് ചവിട്ടി നിർത്തി. നിരുന്മേഷത്തോടെ പുറത്തേക്കു കണ്ണോടിച്ചു.

നോക്കിയപ്പോൾ വീൽച്ചെയറിലിരിക്കുന്ന ഒരു പത്തു വയസ്സുകാരനെ അമ്മ വാനിലേക്കു കയറ്റാൻ ശ്രമിക്കുകയാണ്. റൊമാൻസ് ആ കുഞ്ഞിന്റെ കഷ്ടപ്പാടു നോക്കിയിരുന്നു. അപ്പോൾ വലിയ ക്ലേശത്തോടെ വാനിലേക്കു കയറാൻ ശ്രമിക്കുന്ന ബാലനും മെല്ലെ തലയുർത്തി റൊമാൻസിനെ നോക്കി. അവന്റെ മുഖത്ത് മെല്ലെ ഒരു പുഞ്ചിരി വിരിഞ്ഞു. പക്ഷേ, ശരീരത്തിന്റെ ചലനശേഷിയെ ബാധിക്കുന്ന, അപൂർവ്വ രോഗത്തിന്റെ അടിമയായിരുന്ന, ആ കുഞ്ഞിനു തല അധികനേരം നേരെ പിടിക്കാൻ കഴിഞ്ഞില്ല. അവന്റെ കഴുത്തു മെല്ലെ താണുപോയി.

പെട്ടെന്ന് സിഗ്നലിൽ പച്ചവെളിച്ചം തെളിഞ്ഞു. റൊമാൻസ് ട്രക്ക് മുന്നോട്ട് എടുത്തു. ഇപ്പോൾ സ്റ്റീവ് റൊമാൻസിന്റെ കണ്ണിലൂടെ കുടുകുടെ കണ്ണുനീർ ഒഴുകുകയാണ്. അദ്ദേഹം ഒരു കൈകൊണ്ടു കണ്ണുനീർ തുടച്ചുകൊണ്ടു പ്രാർത്ഥിച്ചു: കർത്താവേ, മാപ്പ്. എനിക്കു പരാതിപ്പെടാൻ ഒരവകാശവുമില്ല. ആ കുഞ്ഞിനെ സഹായിച്ചാലും.

സുഹൃത്തേ, നിങ്ങളിപ്പോൾ എന്തിനെക്കുറിച്ചാണു പരാതിപ്പെടുന്നത്?

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor Geoji T. Samuel.